VOL NO: 04 | ISSUE 18
www.nerpatham.com
mail@nerpatham.com

# നേർപഥം
## വാരിക

2020 MAY 02 | ₹12

# അതിനിയന്ത്രണ കാലത്തെ പുണ്യ റമദാൻ

അനുഗ്രഹത്തിന്റെയും കാരുണ്യത്തിന്റെയും മാസമാണ് റമദാൻ. എന്നാൽ ലോകത്തിന് മുഴുവൻ കടുത്ത പരീക്ഷണത്തിന്റെ നാളുകൾ കൂടിയായി മാറിയിരിക്കുകയാണ് ഇപ്രാവശ്യത്തെ റമദാൻ. ആരാധനാലയങ്ങളിലെ സാന്നിധ്യവും സാമൂഹ്യ സമ്പർക്ക സാധ്യതകളും നിഷേധിക്കപ്പെട്ട സമകാലിക സാഹചര്യത്തിൽ ആത്മ നിയന്ത്രണങ്ങൾ മാത്രമല്ല രാജ്യ സുരക്ഷാ നിയമങ്ങൾ കൂടി പാലിക്കേണ്ടതുണ്ട് വിശ്വാസി.



**നോമ്പുകാരറിയാൻ**
**ക്വുർആൻ നൽകുന്ന വെളിച്ചം**
**പ്രതിസന്ധിയിൽ ഉലയുന്ന പ്രവാസികൾ**

## സത്യാനന്തര കാലത്തെ സത്യാന്വേഷണ പരീക്ഷണങ്ങൾ

വസ്തുതകളെക്കാൾ വികാരങ്ങൾക്കും വ്യക്തിപരമായ തന്നിഷ്ടങ്ങൾക്കും പ്രാധാന്യം കൊടുക്കുകയും അതൊരു പൊതുജനാഭിപ്രായമായി രൂപംപ്രാപിക്കുകയും ചെയ്യുകയാണ് സത്യാനന്തരയുഗത്തിൽ. സമൂഹത്തിന് വഴികാട്ടികളാണെന്ന് കരുതുന്നവർ പോലും അവസരവാദപരമായ നുണകൾക്ക് മീതെയാണ് അടയിരിക്കുന്നതെന്ന തിരിച്ചറിവ് ആരെയും ചകിതരാക്കും. പരിഹാരം ചികയേണ്ടത് എവിടെയാണ്?

സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം
വാരികയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കി
വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന ഓൺലൈൻ ക്വിസ് മത്സരം.


# നേർപഥം Online Quiz

- ശരിയുത്തരമയക്കുന്ന 1,2,3 സ്ഥാനക്കാർക്ക് ആഴ്ച തോറും സമ്മാനങ്ങൾ..!!
- എല്ലാ ഞായറാഴ്ചയും 10 AM മുതൽ ബുധൻ 12 PM വരെ ഉത്തരമയക്കാൻ അവസരം.

zameel
the soulmate

വിശദവിവരങ്ങൾക്ക്
നേർപഥം വെബ്സൈറ്റോ
സമീൽ ഓൺലൈൻ ലൈബ്രറിയോ
സന്ദർശിക്കുക.





Circulation Manager | Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2
Kerala | India | Ph: 0495 4019437 | +91 92075 25244 | **mail@nerpatham.com | www.nerpatham.com**

# നേർപഥം
വാരിക

0172 / 2020 മെയ് 02 / 1441 റമദാൻ 09
പുസ്തകം 04 / ലക്കം 18




# അതിനിയന്ത്രണകാലത്തെ പുണ്യറമദാൻ


**സുഫ്‌യാൻ അബ്ദുസ്സലാം / 10**

**മുഖമൊഴി**
ക്വുർആൻ നൽകുന്ന വെളിച്ചം / 05

**കവിത**
ദുർബലൻ / 09
മുഹമ്മദ് സലീം പി.എം

**കാഴ്ച**
കൊറോണയും ഉണക്കമീനും / 34
ഇബ്നു അലി എടത്തനാട്ടുകര

**ലേഖനം**
ജാമിഅ അൽ ഹിന്ദ്; എട്ടാം വയസ്സിലേക്ക് / 06
ഫൈസൽ പുതുപ്പറമ്പ്

നോമ്പുകാരറിയാൻ / 16
ഉസ്മാൻ പാലക്കാഴി

പ്രതിസന്ധിയിൽ ഉലയുന്ന പ്രവാസികൾ / 21
നബീൽ പയ്യോളി

സത്യാനന്തരകാലത്തെ സത്യാന്വേഷണ പരീക്ഷണങ്ങൾ / 27
ഹിലാൽ സലീം സി പി


**അറിയിപ്പ്: കോവിഡ് 19 നിയന്ത്രണങ്ങളുടെ ഭാഗമായി രാജ്യത്ത് ലോക്ക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ പ്രസ്സ് പ്രവർത്തിക്കാത്തതിനാൽ ഈ ലക്കം ഓൺലൈനായി പുറത്തിറക്കുകയാണ്. മാന്യവായനക്കാർ സഹകരിക്കുമല്ലോ.**


Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose
Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India I Ph: 0495 4019437
mail@nerpatham.com I www.nerpatham.com I Facebook: www.facebook.com/nerpatham weekly

ചലനങ്ങൾ

# ലോക്ഡൗണിലെ റമദാൻ: ഓൺലൈനിൽ വിജ്ഞാന വിരുന്നൊരുക്കി വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ

കോഴിക്കോട്: ലോക്ഡൗൺ നിലനിൽക്കുന്ന സാഹചര്യത്തിൽ പള്ളികൾ അടഞ്ഞ് കിടക്കുന്നതിനാൽ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ വിശ്വാസികൾക്കായി ഓൺലൈൻ വിജ്ഞാന സംരംഭങ്ങളൊരുക്കിയിരിക്കുകയാണ്. സാമൂഹിക കൂടിച്ചേരലുകൾക്ക് വിലക്കുള്ളതിനാൽ വീടിനുള്ളിൽ തന്നെ കഴിഞ്ഞുകൂടാനുള്ള സർക്കാർ നിർദേശങ്ങളെ മാനിച്ചാണ് ഇങ്ങനെയൊരു സംവിധാനമൊരുക്കാൻ തീരുമാനിച്ചത്.

വിജ്ഞാന വേദികൾ, ക്വുർആൻ ഹിഫ്ള് കോഴ്‌സുകൾ, വിജ്ഞാന പരീക്ഷകൾ, ഹദീസ് പാഠം, ക്വുർആൻ പഠനം, പാരായണ മര്യാദകൾ, സമ്മറൈസ് കിഡ്‌സ് പഠന പദ്ധതികൾ, അന്നൂർ, ലൈഫ് ഇസ്‌ലാമിക കോഴ്‌സുകൾ, റമദാൻ പ്രഭാഷണങ്ങൾ, വനിതാ പഠന ക്ലാസുകൾ, സി.ആർ.ഇ, വേനലവധി കാല മോറൽ സ്‌കൂൾ എന്നീ പദ്ധതികൾക്കാണ് രൂപം നൽകിയത്.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്തീഫ് മദനി, ജനറൽ സെക്രട്ടറി ടി.കെ അശ്‌റഫ്, സി. കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, ഹുസൈൻ സലഫി, ഫൈസൽ മൗലവി പുതുപ്പറമ്പ്, വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് കെ.സി ഹാരിസ് മദനി കായക്കൊടി, ജനറൽ സെക്രട്ടറി താജുദ്ദീൻ അഹ്മദ് സ്വലാഹി, ഡോ.പി.എൻ ഷബീൽ, വിസ്ഡം സ്റ്റുഡന്റ്‌സ് സംസ്ഥാന പ്രസിഡന്റ് അർഷദ് അൽഹികമി താനൂർ, ജനറൽ സെക്രട്ടറി കെ.പി മുഹമ്മദ് ഷമീൽ അരീക്കോട് നേതൃത്വം നൽകും.

എല്ലാ ദിവസവും ഉച്ചക്ക് ശേഷം 1 മണിക്ക് നടക്കുന്ന പീസ് റേഡിയോ പ്രഭാഷണ പരിപാടി രാത്രി 1.30ക്കും പുന:സംപ്രേഷണം ചെയ്യും. കൂടാതെ ദിനേനയുള്ള റമദാൻ പ്രഭാഷണങ്ങൾ ഇന്ത്യൻ സമയം രാവിലെ 11.30 ന് സംപ്രേഷണം ചെയ്യും. ഞായറാഴ്ചകളിൽ പ്രത്യേക പഠന ക്ലാസും നടക്കും. പീസ് റേഡിയോ, വിസ്ഡം ഗ്ലോബൽ ടി.വി, സമീൽ ടി.വി, വിസ്ഡം യൂത്ത് ഫേസ് ബുക്ക് ഓഫീഷ്യൽ പേജ് എന്നിവയിൽ തൽസമയ സംപ്രേഷണം ഉണ്ടാകും.

## കോവിഡ് 19 പ്രതിരോധം: നാസ്തികരുടെ മതവിമർശനം അന്ധമായ നിഷേധവും വിവരക്കേടും: വിസ്ഡം യൂത്ത് ഔട്ട്‌ലുക്ക്

മലപ്പുറം: കോവിഡ് 19നെ പ്രതിരോധിക്കാനായി മതനിയമങ്ങൾക്കനുസരിച്ച് ആരാധനാലയങ്ങൾ പോലും അടച്ചുകൊണ്ട് സമൂഹ സുരക്ഷ ഉറപ്പാക്കാൻ ജാഗ്രത പുലർത്തിയതിന് മതത്തെ പരിഹസിക്കുന്ന നാസ്തികരുടെ നിലപാട് സങ്കുചിതവും അജ്ഞതയുമാണെന്ന് വിസ്ഡം യൂത്ത് സംസ്ഥാന സമിതി 'മഹാമാരി: വിശ്വാസം, നിഷേധം' എന്ന പ്രമേയത്തിൽ നടത്തിയ ഓൺലൈൻ വിസ്ഡം ഔട്ട്‌ലുക്ക് സംഗമം അഭിപ്രായപ്പെട്ടു.

മഹാമാരിക്കെതിരെയുള്ള പ്രവാചകാധ്യാപനങ്ങൾ അന്യൂനവും എക്കാലത്തും പ്രായോഗികവുമാണ്. രോഗവ്യാപനം തടയാനുള്ള സാമൂഹിക അകലം പാലിക്കലും ക്വാറന്റൈൻ കരുതലുമെല്ലാം മതനിയമമായി പഠിപ്പിച്ച ദർശനമാണ് ഇസ്‌ലാം. പ്രളയകാലത്തും മഹാമാരിയിലും ദുരന്തനിവരാണത്തിനും പുനരധിവാസ പ്രവർത്തനങ്ങളിലും സമൂഹം ഒന്നായപ്പോൾ പുഴുക്കുത്തുകളായി മാറിനിന്ന് വിമർശിക്കുന്നവരായിരുന്നു നവനാസ്തികർ. പ്രവാസികളെയും മറ്റും ക്വാറന്റൈൻ ചെയ്യാൻ സ്ഥാപനങ്ങളെല്ലാം സർക്കാറിന് വിട്ട് നൽകാൻ മാത്രം മതവിശ്വാസം നൽകിയ വിശാലത നാസ്തിക ചിന്തകർക്ക് അന്യമാണ് എന്നിരിക്കെ ഇവർക്ക് മതവിമർശനം നടത്തുവാൻ എന്ത് അർഹതയാണുള്ളത്?

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ.അശ്‌റഫ് ഉദ്ഘാടനം ചെയ്തു. വിസ്ഡം യൂത്ത് സംസ്ഥാന ജനറൽ സെക്രട്ടറി കെ. താജുദ്ദീൻ അഹ്മദ് സ്വലാഹി മോഡറേറ്ററായിരുന്നു. സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി (യു.എ.ഇ), പ്രൊഫ. ഹാരിസ് ബിൻ സലീം, ഡോ: അബ്ദുല്ല ബാസിൽ സി.പി, മുഹമ്മദ് അജ്മൽ സി.പി, എൻ അബ്ദുറഹ്മാൻ (കുവൈത്ത്) എന്നിവർ വിഷയമവതരിപ്പിച്ചു സംസാരിച്ചു. വിസ് ഡം യൂത്ത് സംസ്ഥാന വൈസ് പ്രസി. ഡോ. ഫസലുറഹ്മാൻ കക്കാട് സമാപന പ്രസംഗം നടത്തി.

# ക്വുർആൻ നൽകുന്ന വെളിച്ചം

'**കോ**വിഡ്19' പിടിപെടാതിരിക്കുവാൻ ലോകത്തുള്ള സകല മനുഷ്യരും വീട്ടിനുള്ളിൽ ഒതുങ്ങിക്കൂടുവാൻ നിർബന്ധിതരായിരിക്കുകയാണ്. ഈ സാഹചര്യത്തിലാണ് റമദാൻ കടന്നുവന്നിരിക്കുന്നത്. മിക്കവരും പലവിധ പ്രയാസങ്ങളുടെ തടവറയിലാണ്. എന്നിരുന്നാലും വിശ്വാസികൾക്ക് ആശ്വാസവും ആത്മീയമായ കരുത്ത് പകരുന്നതുമാണ് റമദാൻ മാസവും അതിലെ വ്രതാനുഷ്ഠാനവും.

ക്വുർആനിന്റെ മാസമായ റമദാനിൽ ജോലിത്തിരക്കുകൾ കാരണം ക്വുർആൻ പഠിക്കാൻ വേണ്ടത്ര സമയം കിട്ടാറില്ല എന്ന് പലരും പറയാറുണ്ട്. ഈ റമദാനിൽ അങ്ങനെ പറയുന്നവർ ഏറെയൊന്നും ഉണ്ടാകാൻ തരമില്ല. മിക്കവരും പ്രത്യേകിച്ച് ജോലിയൊന്നുമില്ലാതെ വീട്ടിൽ തന്നെ കഴിഞ്ഞുകൂടുകയാണല്ലോ; അപ്പോൾ സമയമില്ലായ്മ ഉണ്ടാകാൻ സാധ്യതയില്ല. അതിനാൽ ക്വുർആൻ പാരായണം ചെയ്യുവാനും അതിന്റെ ആശയപ്രപഞ്ചത്തിലേക്ക് ഇറങ്ങിച്ചെല്ലുവാനും ഈ അവസരം ഉപയോഗപ്പെടുത്തേണ്ടതുണ്ട്. ക്വുർആൻ നൽകുന്ന വെളിച്ചത്തെക്കാൾ വലിയ വെളിച്ചം വേറൊന്നില്ല.

മാനവരാശിയെ എല്ലാവിധ അന്ധകാരങ്ങളിൽനിന്നും പ്രകാശത്തിലേക്ക് നയിക്കുവാനാണ് അല്ലാഹു വിശുദ്ധ ക്വുർആൻ അവതരിപ്പിച്ചിട്ടുള്ളത്.

"...മനുഷ്യരെ അവരുടെ രക്ഷിതാവിന്റെ അനുമതിപ്രകാരം ഇരുട്ടുകളിൽനിന്ന് വെളിച്ചത്തിലേക്ക് കൊണ്ടുവരാൻ വേണ്ടി നിനക്ക് അവതരിപ്പിച്ചുതന്നിട്ടുള്ള ഗ്രന്ഥമാണിത്. അതായത്, പ്രതാപിയും സ്തുത്യർഹനും ആയിട്ടുള്ളവന്റെ മാർഗത്തിലേക്ക്, ആകാശങ്ങളിലുള്ളതിന്റെയും ഭൂമിയിലുള്ളതിന്റെയും ഉടമയായ അല്ലാഹുവിന്റെ (മാർഗത്തിലേക്ക് അവരെ കൊണ്ടുവരാൻ വേണ്ടി). സത്യനിഷേധികൾക്ക് കഠിനമായ ശിക്ഷയാൽ മഹാനാശംതന്നെ" (ക്വുർആൻ 14:1,2).

ആറാം നൂറ്റാണ്ടിൽ ഇരുളിന്റെ ലോകത്ത് ഇരുളടഞ്ഞ മനസ്സുമായി ജീവിച്ചിരുന്ന ഒരു ജനതതിയെ വെളിച്ചത്തിലേക്ക് നയിച്ചതും അവരുടെ മനസ്സുകളെ പ്രകാശമാനമാക്കിയതും ക്വുർആനായിരുന്നു. പാരമ്പര്യ വിശ്വാസങ്ങളെയും ആചാരങ്ങളെയും കയ്യൊഴിക്കുവാൻ അവർ തയ്യാറായത് വിശുദ്ധ ക്വുർആൻ അവരുടെ ചിന്തയെ തട്ടിയുണർത്തിയതുകൊണ്ടായിരുന്നു.

"തീർച്ചയായും ഈ ക്വുർആൻ ഏറ്റവും ശരിയായതിലേക്ക് വഴികാണിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് വലിയ പ്രതിഫലമുണ്ട് എന്ന സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു. പരലോകത്തിൽ വിശ്വസിക്കാത്തവരാരോ അവർക്ക് നാം വേദനയേറിയ ശിക്ഷ ഒരുക്കിവെച്ചിട്ടുണ്ട് എന്നും (സന്തോഷവാർത്ത അറിയിക്കുന്നു)" (ക്വുർആൻ 17:9,10).

"നിനക്ക് നാം അവതരിപ്പിച്ചുതന്ന അനുഗൃഹീതമായ ഗ്രന്ഥമത്രെ ഇത്. ഇതിലെ ദൃഷ്ടാന്തങ്ങളെപ്പറ്റി അവർ ചിന്തിച്ചുനോക്കുന്നതിനും ബുദ്ധിമാന്മാർ ഉദ്ബുദ്ധരാകേണ്ടതിനും വേണ്ടി" (ക്വുർആൻ 38:29).

ക്വുർആൻ പഠിക്കുന്നവനും പഠിപ്പിക്കുന്നവനുമാണ് ഉത്തമൻ എന്നാണ് നബിﷺ പറഞ്ഞിട്ടുള്ളത്. മനുഷ്യന്റെ ഇഹപരജീവിത വിജയത്തിനുവേണ്ട മാർഗനിർദേശങ്ങൾ അടങ്ങിയ ഗ്രന്ഥം എന്ന നിലയ്ക്ക് അത് പഠിക്കൽ സത്യവിശ്വാസികളുടെ ബാധ്യതയാണ്. അതിലെ ഓരോ അക്ഷരവും പാരായണം ചെയ്താൽ അതിന് പ്രതിഫലം ലഭിക്കും എന്നാണ് നബിﷺ പറഞ്ഞത്. ഒരു വിശ്വാസി ക്വുർആനുമായി അഭേദ്യമായ ബന്ധം ഉണ്ടായിരിക്കേണ്ടവനാണ്.

جـــامعة الـــهند الإســـلامية
JAMIA AL HIND AL ISLAMIYA

جامعة الهند الإسلامية
JAMIA AL-HIND AL-ISLAMIYYA
ജാമിഅ അൽഹിന്ദ് അൽ ഇസ്‌ലാമിയ്യ
വാദി അൽ ഹിക്മ, മിനി ഊട്ടി, ഊരകം, മലപ്പുറം

# 2020–21 അധ്യയന വർഷത്തേക്ക് വിവിധ കോഴ്സുകളിലേക്കുള്ള അപേക്ഷ ക്ഷണിച്ചു

## തഹ്ഫീദുൽ ഖുർആൻ

2020 ജനുവരി 01ന് 11 വയസ്സ് കവിയാത്തവരും 2020-21 അധ്യയന വർഷത്തിൽ സ്‌കൂളിൽ 5,6 ക്ലാസുകളിൽ പഠിക്കുന്നവരുമായ ആൺകുട്ടികൾക്ക് മാത്രം പ്രവേശനം.

## മഅ്ഹദുല്ലുഗ

SSLC പാസായ ആൺകുട്ടികൾക്ക് മദീന ഇസ്‌ലാമിക്ക് യൂണിവേഴ്സിറ്റിയുടെ സിലബസിനോടൊപ്പം +1,+2 (NIOS) (കൊമേഴ്സ്, ഹ്യുമാനിറ്റീസ്) കൂടി ലഭ്യമാക്കുന്ന തരത്തിലുള്ള രണ്ട് വർഷത്തെ കോഴ്സ്.

## കുല്ലിയ ശരീഅ:

മഅ്ഹദ് / തത്തുല്യ യോഗ്യതയുള്ള ആൺകുട്ടികൾക്ക് ഹദീഥ്, അഖീദ എന്നീ വിഷയങ്ങളിൽ പ്രാവീണ്യം നേടുന്നതോടൊപ്പം കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ഡിഗ്രി സർട്ടിഫിക്കറ്റ് കൂടി ലഭ്യമാകാനുതകുന്ന പണ്ഡിത കോഴ്സ്.

## തഖസ്സുസ്

ശരീഅ: കോളേജ് / തത്തുല്യ പഠനം പൂർത്തിയാക്കിയവർക്ക് തെരഞ്ഞെടുക്കപ്പെട്ട വിഷയങ്ങളിൽ സ്റ്റൈപ്പന്റോട് കൂടിയുള്ള റിസർച്ച് കോഴ്സ്.

## സ്‌കൂൾ ഓഫ് ഖുർആൻ

ജൂൺ ഒന്നിന് ആറര വയസ്സ് കവിയാത്ത സ്കൂളിൽ ഒന്നാം ക്ലാസിൽ ചേരുന്ന വിദ്യാർത്ഥികൾക്ക് കേരളത്തിനകത്തും പുറത്തുമായി 17 കേന്ദ്രങ്ങളിൽ വെച്ച് നടത്തപ്പെടുന്ന സ്പെഷ്യൽ കോഴ്സ്.

## അത്തദാറുക്ക്

പ്രായഭേദമന്യേ ഏതൊരാൾക്കും മത വിജ്ഞാനം നേടാനുതകുന്ന രണ്ട് വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സ്. വിദൂര വിദ്യാഭ്യാസ വിഭാഗത്തിന് കീഴിൽ കേരളത്തിലും പുറത്തുമായി 15 കേന്ദ്രങ്ങൾ.

രജിസ്ട്രേഷൻ ചെയ്യുന്നതിനായി സന്ദർശിക്കുക:
www.jamiaalhind.com,
ww.schoolofquran.in

ടെലഫോൺ:
0494 2951725, +91 9961725725

| കൂടുതൽ വിവരങ്ങൾക്ക്: | |
|---|---|
| മഅ്ഹദു തഹ്ഫീദിൽ ഖുർആൻ: | +91 8921867310 |
| കുല്ലിയ്യത്തു ശരീഅ: | +91 8606366661 |
| മഅ്ഹദു ലുഗ: | +91 9037235706 |
| തഖസ്സുസ്: | +91 8589917780 |
| സ്‌കൂൾ ഓഫ് ഖുർആൻ: | +91 8606788882 |
| അത്തദാറുക്: | +91 9400919085 |
| അത്തയ്സീർ: | +91 6282734388 |

Head Office: Jamia Al-Hind Al-Islamiyya | Wadi Al-Hikma | Mini Ootty | Oorakam
Malappuram | Kerala | India | PIN 676519 | www.jamiaalhind.com | www.schoolofquran.in

ലേഖനം

ഫൈസൽ പുതുപ്പറമ്പ്
abuadilfaisal@gmail.com



# ജാമിഅ അൽഹിന്ദ്; എട്ടാം വയസ്സിലേക്ക്

ഏറെ പരിമിതികൾക്കും പരാധീനതകൾക്കുമിടയിൽ ഒരു വാടക ക്കെട്ടിടത്തിൽ 2013ൽ തുടക്കം കുറിച്ച വിജ്ഞാനഗോപുരമായ 'ജാമിഅ അൽഹിന്ദ്' വളർച്ചയുടെ പടവുകൾ ഒന്നൊന്നായി നടന്നുകയറി ഇന്ന് ലോകപ്രസിദ്ധ സ്ഥാപനമായി വളർന്നുകഴിഞ്ഞു; അൽഹംദുലില്ലാഹ്.

ഇസ്‌ലാമിക വിജ്ഞാനീയങ്ങൾ പ്രമാണങ്ങളിൽനിന്ന് ശരിയാംവണ്ണം ഗ്രഹിച്ച്, കാലത്തിന്റെ വെല്ലുവിളികളോട് പക്വമായി പ്രതികരിക്കാൻ കഴിവുള്ള മതപണ്ഡിതരെ വാർത്തെടുക്കുക എന്ന നിസ്വാർഥ ലക്ഷ്യം മുൻനിർത്തി, പ്രപഞ്ച സ്രഷ്ടാവിൽ എല്ലാം ഏൽപിച്ച് തുടങ്ങിയ ഒരു കൊച്ചുസംരംഭം. ഒരു ചെറു തീപ്പൊരിയിൽനിന്ന് വൻകാട്ടുതീ ഉണ്ടാകുന്നത് പോലെയായിരുന്നു ജാമിഅയുടെ വളർച്ചയുടെ ഓരോ ഘട്ടവും. 2013 ജൂണിൽ വാടക കെട്ടിടത്തിൽ തുടക്കംകുറിക്കുമ്പോൾ തന്നെ മലപ്പുറം ഊരകം പഞ്ചായത്തിലെ മിനി ഊട്ടിയിൽ സ്വന്തമായി സ്ഥലം വാങ്ങിയിരുന്നു. അല്ലാഹുവിന്റെ അപാരമായ തൗഫീക്വിനാൽ തൊട്ടടുത്ത മാസങ്ങളിൽ തന്നെ നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. 2014 ആഗസ്റ്റ് മാസത്തോടെ സ്ഥാപനം സ്വന്തം കെട്ടിടത്തിലേക്ക് മാറി. 2015 ആഗസ്റ്റിൽ ഒന്നാമത്തെ കെട്ടിടം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. അന്നുതന്നെ കാമ്പസിൽ നിർമിക്കാനുദ്ദേശിക്കുന്ന പള്ളിക്ക് ബഹുമാന്യ പണ്ഡിതൻ അബ്ദുൽ ഹഖ് സുല്ലമി ആമയൂർ ശിലാസ്ഥാപനം നടത്തി.

പിന്നീടങ്ങോട്ട് വളർച്ചാഘട്ടങ്ങൾ ഓരോന്നായി താണ്ടുകയായിരുന്നു ജാമിഅ. അധികം വൈകാതെ വിശാലമായ പള്ളിയും അകാഡമിക് ബ്ലോക്കും പ്രവർത്തന സജ്ജമായി. അഡ്മിനിസ്ട്രേഷൻ ബ്ലോക്കിന്റെ നിർമാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. അൽഹംദുലില്ലാഹ്.

### കോഴ്‌സുകൾ, സംരംഭങ്ങൾ

#### 1. ഹിഫ്ള് കോഴ്‌സ്

പത്തുവയസ്സ് പൂർത്തിയായ ആൺ കുട്ടികൾക്ക് സ്‌കൂൾ പഠനത്തോടൊപ്പം ക്വുർആൻ ഹൃദിസ്ഥമാക്കാനുതകുന്ന തരത്തിലാണ് കോഴ്‌സ് സംവിധാനിച്ചിട്ടുള്ളത്. വളരെ വ്യവസ്ഥാപിതമായ ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിൽ സെലക്ഷൻ നടത്തിയാണ് അഡ്മിഷൻ നൽകുന്നത്. അഞ്ചുവർഷമാണ് കോഴ്‌സ് കാലാവധി.

#### 2. മഅ്ഹദുല്ലുഗഃ

പത്താം ക്ലാസ് പാസ്സായ ആൺകുട്ടികൾക്ക് അറബി ഭാഷയിലും മതവിജ്ഞാനത്തിന്റെ അടിസ്ഥാന കാര്യങ്ങളിലും പ്രാവീണ്യം നൽകുന്ന രണ്ടു വർഷ കോഴ്‌സ്. വർഷത്തിൽ രണ്ട് ജുസ്അ് ക്വുർആൻ ഹൃദിസ്ഥമാക്കാനും +2 പരീക്ഷ എഴുതാനും കൂടി അവസരം നൽകുന്ന കോഴ്‌സിൽ താമസവും ഭക്ഷണവും സൗജന്യമായി നൽകുന്നു.

#### 3. കുല്ലിയ്യ ശരീഅഃ

മഅ്ഹദ്/തത്തുല്യ യോഗ്യതയുള്ളവർക്ക് മതവിജ്ഞാനങ്ങളിൽ അവഗാഹം നേടാനുതകുന്ന മൂന്നു വർഷകോഴ്‌സ്. ആറ് ജുസ്അ് ക്വുർആൻ ഹൃദിസ്ഥമാക്കാനും കാലിക്കറ്റ് യൂണിവേഴ്‌സിറ്റിയുടെ ഡിഗ്രി എഴുതാനും കൂടി അവസരമുള്ള ഈ സംരംഭത്തിൽ നിലവിൽ ഹദീഥ്, ദഅ്‌വ എന്നീ വിഭാഗങ്ങളാണുള്ളത്. ഭാവിയിൽ ക്വുർആൻ, ഫിക്വ്ഹ് വിഭാഗങ്ങളും ആരംഭിക്കും. (ഇൻശാ അല്ലാഹ്). പഠനവും താമസ, ഭക്ഷണ സൗകര്യങ്ങളും തീർത്തും സൗജന്യമായി നൽകിവരുന്നു.

#### 4. കുല്ലിയ്യതു തഖസ്സ്വുസ്വ്:

ശരീഅഃ കോഴ്‌സ്/തത്തുല്യ യോഗ്യതയുള്ളവർക്ക് ആഴത്തിൽ മതം പഠിക്കാനുതകുന്ന രണ്ടുവർഷ ഗവേഷണ കോഴ്‌സ്. താമസ, ഭക്ഷണ സൗകര്യങ്ങൾക്ക് പുറമെ സ്‌റ്റൈപ്പന്റ് കൂടി നൽകിവരുന്നു.

#### 5. സ്‌കൂൾ ഓഫ് ക്വുർആൻ

ചെറുപ്രായത്തിൽ തന്നെ മത, ഭൗതിക മേഖലകളിൽ ഉന്നത കാഴ്ചപ്പാടോടുകൂടി മക്കളെ വളർത്താൻ ലക്ഷ്യമിട്ടുകൊണ്ടുള്ള 17 വർഷ പഠന പദ്ധതി.

ഒന്നാം ക്ലാസ് മുതൽ അഞ്ചാം ക്ലാസ് വരെ പ്രാദേശിക കേന്ദ്രങ്ങൾ വഴിയും ആറു മുതൽ പത്തുവരെ റസിഡൻഷ്യൽ സംവിധാനം വഴിയും +1 മുതൽ പി.ജി വരെ മെയിൽ കാമ്പസ് വഴിയും പൂർത്തിയാക്കുന്ന രൂപത്തിലാണ് രൂപകൽപന ചെയ്തിരിക്കുന്നത്. കേരളത്തിനകത്തും പുറത്തുമുള്ള 17 സെന്ററുകളിലായി 1200 ഓളം വിദ്യാർഥികൾ ഈ സംരംഭം വഴി ക്വുർആനും മതത്തിന്റെ അടിസ്ഥാന പാഠങ്ങളും പഠിച്ചുകൊണ്ടിരിക്കുന്നു. ക്വുർആൻ ഹൃദിസ്ഥമാക്കിയ, വിവിധ ഭാഷകളിൽ പ്രാവീണ്യം നേടിയ, ഭൗതികമായി ഏത് മേഖലയിലേക്കും അനുയോജ്യരായ പണ്ഡിത നിരയെ വാർത്തെടുക്കുക എന്നതാണ് സ്ഥാപനത്തിന്റെ ലക്ഷ്യം.

#### 6. സ്‌കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യുക്കേഷൻ

പ്രായ ഭേദമന്യെ ആർക്കും മതം പഠിക്കാനുതകുന്ന വിധമുള്ള പഠന പദ്ധതി. 'അത്തദാറുക്' എന്ന പേരിൽ കേരളത്തിനകത്തും പുറത്തുമായി 15 കേന്ദ്രങ്ങൾ, അഞ്ഞൂറോളം പഠിതാക്കൾ. ആഴ്ചയിൽ മൂന്ന് മണിക്കൂർ ക്ലാസിലൂടെ ക്വുർആൻ, അക്വീദ, ഫിക്വ്ഹ്, അറബിഭാഷ എന്നിവയിൽ അനിവാര്യമായ അറിവുകൾ ആർജിക്കാൻ അവസരം നൽകുന്നു.

വിവിധ പദ്ധതികളും കോഴ്‌സുകളും ജാമിഅയുടെ ഭാവി പദ്ധതിയിലുണ്ട്. അല്ലാഹുവിന്റെ തൗഫീക്വും ഉദാരമതികളുടെ നിസ്വാർഥ സേവനങ്ങളും കൈമുതലാക്കി മുന്നേറിക്കൊണ്ടിരിക്കുന്നു.

#### 7. വനിതാകാമ്പസ്


ജാമിഅയുടെ സ്വപ്ന പദ്ധതികളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് വനിതാ കാമ്പസ്. പെൺകുട്ടികൾക്ക് മാത്രമായി വേറിട്ട കാമ്പസ് എന്നതാണ് ജാമിഅ ലക്ഷ്യമിടുന്നത്. പദ്ധതിയുടെ ആദ്യഘട്ടമായ സ്ഥലമെടുപ്പ് പൂർത്തിയായി. നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറക്ക് സ്ഥാപനം ആരംഭിക്കാനാകും. (ഇൻശാ അല്ലാഹ്).

ഒരുകൂട്ടം ദീനീ സ്‌നേഹികളുടെ നിസ്വാർഥ സഹായ സഹകരണങ്ങളും പ്രാർഥനകളും ഒന്നു ചേർന്നപ്പോൾ അല്ലാഹു തആലാ അവന്റെ അനുഗ്രഹ കവാടങ്ങൾ ഒന്നൊന്നായി തുറന്നു തരികയായിരുന്നു ദീനീസേവനത്തിന്റെ ഈ ഗോപുരത്തിന്.

ഇനിയും ഒരുപാട് ലക്ഷ്യങ്ങൾ പൂർത്തീകരിക്കാനുണ്ട്. ആത്മാർഥതയും തവക്കുലുമാണ് കൈമുതൽ. നിസ്വാർഥ സേവനത്തിന് നാം സന്നദ്ധരാകുന്ന കാലമത്രയും അല്ലാഹുവിന്റെ സഹായം ലഭിക്കുമെന്ന് നമുക്കുറപ്പിക്കാം. പ്രാർഥനയോടെ നമുക്ക് മുന്നേറാം... അല്ലാഹു അനുഗ്രഹിക്കട്ടെ- ആമീൻ.

കവിത

മുഹമ്മദ് സലീം.പി.എം
mspm2078@gmail.com




# ദുർബലൻ

അറിയുന്നു ഞാനിന്ന്
തടവിലാക്കപ്പെടുന്നവന്റെ നൊമ്പരം.
താഴ്‌വരയുടെ തേങ്ങലുകൾ
ഇന്നെന്റെ കാതുകളെ അസ്വസ്ഥമാക്കുന്നു.
നിസ്സഹായന്റെ നിലവിളികൾ
നിർവികാരതയോടെ നോക്കി നിന്നതും
കത്തുന്ന വീടുകൾ
സ്നേഹത്താൽ കെടുത്താതിരുന്നതും
തടങ്കൽ പാളയങ്ങൾ
അന്യനെ പാർപ്പിക്കാനാണെന്ന് നിനച്ചതും
ഭീതിയാൽ വിരണ്ട മുഖങ്ങളെ
പരിഹസിച്ച് അവഗണിച്ചതും
ക്രൂരമാം നിശ്ശബ്ദതയാൽ
അനീതിക്ക് വളം വെച്ചതും
എല്ലാമെല്ലാം ഇന്ന് തിരിച്ചറിയുന്നു;
പക്ഷേ, വൈകിപ്പോയിരിക്കുന്നു!
അറിയുന്നു ഞാൻ ഇന്ന്
ഏകാന്തത ഭീതിതമാണെന്ന്,
ഇന്നെന്റെ കരം പിടിക്കുവാൻ
ആരാരുമില്ലെന്ന്,
കാരുണ്യത്തിന്റെ ചെറു കണികയെങ്കിലും
പ്രതീക്ഷിക്കേണ്ടതില്ലെന്ന്!
മൗനത്തിന്റെ പ്രതിഫലം
മരണമാണെന്നോ....?

സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com



# അതിനിയന്ത്രണകാലത്തെ പുണ്യ റമദാൻ

**അനുഗ്രഹത്തിന്റെയും കാരുണ്യത്തിന്റെയും മാസമാണ് റമദാൻ. എന്നാൽ ലോകത്തിന് മുഴുവൻ കടുത്ത പരീക്ഷണത്തിന്റെ നാളുകൾ കൂടിയായി മാറിയിരിക്കുകയാണ് ഇപ്രാവശ്യത്തെ റമദാൻ. ആരാധനാലയങ്ങളിലെ സാന്നിധ്യവും സാമൂഹ്യ സമ്പർക്ക സാധ്യതകളും നിഷേധിക്കപ്പെട്ട സമകാലിക സാഹചര്യത്തിൽ ആത്മനിയന്ത്രണങ്ങൾ മാത്രമല്ല രാജ്യ സുരക്ഷാ നിയമങ്ങൾ കൂടി പാലിക്കേണ്ടതുണ്ട് വിശ്വാസി.**


ലോകമാകമാനം അതിനിയന്ത്രണങ്ങൾ സമ്മാനിച്ചുകൊണ്ടുള്ള പകർച്ചവ്യാധിയുടെ കാലത്താണ് നാം ജീവിച്ചുകൊണ്ടിരിക്കുന്നത്. ആരാധനാലയങ്ങളും ജോലിസ്ഥലങ്ങളും കച്ചവട, വ്യവസായ സമുച്ചയങ്ങളുമെല്ലാം അടച്ചുപൂട്ടി, താമസിക്കുന്ന വീടിന്റെ നാലതിർത്തിക്കുള്ളിൽ മനുഷ്യർ തളച്ചിടപ്പെട്ടിരിക്കുകയാണ്. വൈകുന്നേരങ്ങളിൽ കാൽപന്തുകൾകൊണ്ട് സജീവമായിരുന്ന കളിസ്ഥലങ്ങളും വിഹായസ്സുകളിൽ കണ്ണുംനട്ട് കുട്ടികൾ പട്ടം പറത്തിയിരുന്ന വെളിപ്രദേശങ്ങളും ശൂന്യമായിരിക്കുന്നു. കല്യാ

ണങ്ങൾക്കും സൽകാരങ്ങൾക്കും അവധി പ്രഖ്യാപിച്ചിരിക്കുന്നു. വാഹനങ്ങളും യാത്രകളും ആശുപത്രികളുമൊന്നുമില്ലാതെ തന്നെ ജീവിക്കാൻ നാം ശീലിച്ചുകഴിഞ്ഞു. അമിതഭോജനങ്ങളും ആഘോഷങ്ങളുമില്ലാതെ ഉള്ളതിൽ തൃപ്തിപ്പെട്ടു ജീവിക്കാനും കഴിയുമെന്ന് മനുഷ്യർ പഠിച്ചുകഴിഞ്ഞു. ആൾക്കൂട്ട സമ്മേളനങ്ങൾ ഇല്ലാതെയും മത, രാഷ്ട്രീയ ചടങ്ങുകളും സമ്മേളനങ്ങളും പ്രതിഷേധങ്ങളുമെല്ലാം നടക്കുമെന്നും മനുഷ്യർക്ക് മനസ്സിലായി.

സ്വതന്ത്രമായ വിഹാരവും ജീവിതവും ആഗ്രഹിക്കുന്ന മനുഷ്യനുമേലുള്ള സ്രഷ്ടാവിന്റെ പരീക്ഷണമായിട്ടാണ് വിശ്വാസികൾ ഇതിനെ കാണേണ്ടത്. ഈ പരീക്ഷണ നാളുകളിലേക്കാണ് പരിശുദ്ധ റമദാനിന്റെ കടന്നുവരവ്. കാരുണ്യത്തിന്റെയും അനുഗ്രഹത്തിന്റെയും മാസമായ റമദാൻ ഇത്തവണ കടുത്ത പരീക്ഷണത്തിന്റേതു കൂടിയാണ്. റമദാനിൽ മഹാമാരികൾ ഉണ്ടാകുന്നത് ചരിത്രത്തിൽ ആദ്യമായിട്ടല്ല. ഹി. 131ൽ ഉമവിയ്യ കാലഘട്ടത്തിൽ ഇറാഖിലെ ബസ്വറയിലും ഹി. 749ൽ ശാമിലും പൊട്ടിപ്പുറപ്പെട്ട പകർച്ചവ്യാധികൾ വളരെ പ്രസിദ്ധമാണ്. മറ്റനേകം സംഭവങ്ങളും ചരിത്രത്തിൽ കാണാം. ഇത്തരം സന്ദർഭങ്ങളിൽ ഇസ്‌ലാമിക നിയമങ്ങൾ പാലിച്ചുകൊണ്ടാണ് റമദാനിലും അവർ ജീവിച്ചിരുന്നത്. സാമൂഹിക അകലം പാലിക്കണമെന്ന് പഠിപ്പിക്കുന്ന 'ഹദീഥുൽ അസ്ൽ' (വേറിട്ട് നിൽക്കണമെന്ന് ഉദ്ബോധിപ്പിക്കുന്ന ഹദീഥ്) ആയിരുന്നു എക്കാലവും മുസ്‌ലിംലോകം അവലംബമാക്കിയിരുന്നത്. വികാരങ്ങളോ ആവേശങ്ങളോ അല്ല വിശ്വാസിയെ നയിക്കേണ്ടത്. അനുഗ്രഹത്തിന്റെ നാളുകളിലും പരീക്ഷണത്തിന്റെ നാളുകളിലും വിശ്വാസിയെ നയിക്കേണ്ടത് അല്ലാഹുവിന്റെയും റസൂലിന്റെയും അധ്യാപനങ്ങളാണ്.

റമദാൻ നമ്മിലേക്ക് എത്തിക്കഴിഞ്ഞു. മാസപ്പിറവി ഉറപ്പാകുന്നതോടെ ആബാലവൃദ്ധം മുസ്‌ലിം ജനത പള്ളികളിലേക്ക് ഒഴുകുന്ന സന്ദർഭമാണിത്. പള്ളികൾ വിശ്വാസികളാൽ നിബിഡമാകുന്ന വേളയാണിത്. അഞ്ചുനേരത്തെ ജമാഅത്ത് നമസ്കാരങ്ങളുടെ കാര്യത്തിൽ കൂടുതൽ സൂക്ഷ്മത കാണിക്കുന്ന മാസമാണ് റമദാൻ. പുരുഷന്മാർ മാത്രമല്ല, സ്ത്രീകളും പള്ളികളിലേക്കൊഴുകുന്നത് റമദാനിലാണ്. രാത്രിയിൽ ഇശാഅ് നമസ്കാരവും തുടർന്നുള്ള തറാവീഹ് നമസ്കാരവും വളരെ കൃത്യമായി പള്ളിയിൽ ഇമാമിന്റെ പിറകിൽ നിന്നുകൊണ്ട് നമസ്കരിക്കുന്നതിൽ വളരെയധികം നിഷ്കർഷത പുലർത്തൽ വിശ്വാസികൾ പരമ്പരാഗതമായി ശീലിച്ചുവന്നിട്ടുള്ള കാര്യമാണ്. പള്ളികളിൽ ഒത്തുകൂടി വിശുദ്ധ ക്വുർആൻ പാരായണം ചെയ്യാനും പ്രാർഥനകളിൽ ഏർപ്പെടാനും പരമാവധി പരിശ്രമിക്കുന്ന നാളുകളാണത്. ഭൗതിക ജീവിതത്തിൽ നിന്നും വിരക്തി നേടി രാപ്പകലുകൾ പള്ളികളിൽ ഇഅ്തികാഫ് ഇരുന്നു അല്ലാഹുവിലുള്ള സ്മരണകളിൽ മുഴുകി പാപമോചനത്തിനും പശ്ചാത്താപത്തിനും വേണ്ടി മനസ്സുകൾ അല്ലാഹുവിലേക്ക് ഉയരുന്ന ദിനങ്ങളാണ് റമദാനിലേത്. അങ്ങനെ പള്ളികളുമായി അങ്ങേയറ്റം ബന്ധപ്പെട്ടുകൊണ്ടാണ് ഒരു വിശ്വാസിയുടെ റമദാൻ കടന്നുപോകേണ്ടത്.

പക്ഷേ, പള്ളികൾ മഹാമാരി കാരണം താഴിട്ടു പൂട്ടിയിരിക്കുകയാണ്. പൊതുജനങ്ങൾക്ക് അങ്ങോട്ട് പ്രവേശനമില്ല. ബാങ്കുവിളിയുടെ ഉത്തരവാദിത്തമുള്ളയാൾ അത് നിർവഹിക്കുന്നു; രണ്ടോ മൂന്നോ പേർ പങ്കെടുത്ത് ജമാഅത്ത് മുടങ്ങാതിരിക്കാൻ ശ്രമിക്കുന്നു; ഇതാണ് മിക്ക പള്ളികളിലുമുള്ള അവസ്ഥ എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. മഹാമാരിയുടെ അവസരങ്ങളിൽ പ്രവാചകൻ പഠിപ്പിച്ച നിർദേശത്തെ അക്ഷരംപ്രതി അനുസരിച്ചുകൊണ്ടാണ് വിശ്വാസി സമൂഹം നിർബന്ധ നമസ്കാരങ്ങളും വെള്ളിയാഴ്ച ജുമുഅയുമെല്ലാം വീടുകളിൽ വെച്ച് നിർവഹിച്ചുകൊണ്ടിരിക്കുന്നത്. വീടുകളിൽ നമസ്കരിക്കുമ്പോഴും പള്ളിയിലേക്കെത്താൻ സാധിച്ചിരുന്നെങ്കിൽ എന്ന ആത്മാർഥമായ ആഗ്രഹവും പ്രാർഥനകളും വിശ്വാസിയുടെ മനസ്സിൽ ഉരുണ്ടുകൂടുമെന്ന കാര്യത്തിൽ സംശയമില്ല. പള്ളികളിൽ നിന്നും ബാങ്കുവിളി കേൾക്കുമ്പോൾ അങ്ങോട്ടെത്തിച്ചേരാൻ മനസ്സ് കൊതിക്കും. പക്ഷേ, ഇപ്പോൾ പള്ളികളിലേക്കുള്ള പ്രവേശനം താൽ



കാലികമായി നിരോധിച്ചിട്ടുള്ളത് മനുഷ്യസമൂഹത്തിന്റെ നിലനിൽപ്പുമായി ബന്ധപ്പെട്ടിട്ടുള്ളതാണെന്നു വിശ്വാസി തിരിച്ചറിയുമ്പോൾ അവിടെ പോയി നമസ്കരിക്കാൻ അയാൾ മിനക്കെടില്ല. കാരണം അങ്ങനെയുള്ള നമസ്കാരത്തിന്റെ പേരിൽ നന്മയ്ക്ക് പകരം തിന്മയായിരിക്കും രേഖപ്പെടുത്തപ്പെടുക എന്ന് അയാൾക്കറിയാം. ഒരു തിന്മ ചെയ്തുകൊണ്ടല്ല നന്മ ചെയ്യേണ്ടത്.

പള്ളിയിൽവെച്ച് നമസ്കരിക്കുമ്പോഴും വീടുകളിൽവെച്ച് നമസ്കരിക്കുമ്പോഴും നാം പ്രാർഥിക്കുന്നത് ഒരേയൊരു ആരാധ്യനോടാണ്. സൃഷ്ടിലോകത്തിന്റെ സ്രഷ്ടാവും ഏകാരാധ്യനും സംരക്ഷകനും പരിപാലകനുമായ അല്ലാഹുവിനോടാണ് നാം പ്രാർഥിക്കുന്നത്. അല്ലാഹു പള്ളിമിഹ്റാബിലാണെന്ന വിശ്വാസത്തിലല്ല വിശ്വാസികൾ പള്ളികളിൽ പോയി നമസ്കാരം നിർവഹിക്കുന്നത്. ഇസ്‌ലാമിന്റെ സാമൂഹിക വീക്ഷണമാണ് വിശ്വാസികളെ പള്ളികളിലേക്കടുപ്പിക്കുന്നത്. സാമൂഹികബന്ധങ്ങളെ ഊട്ടിയുറപ്പിക്കാനും മനുഷ്യർ പരസ്പരമുള്ള ബന്ധങ്ങൾക്ക് വലിയ വില കൽപിക്കാനുമാണ് ഇസ്‌ലാം ഉൽബോധിപ്പിക്കുന്നത്. ഇസ്‌ലാമിലെ ആരാധനകൾ കേവലം ചടങ്ങുകളല്ല. ഒരു പുരോഹിതന്റെ സാന്നിധ്യത്തിൽ നടത്തപ്പെടുന്ന ചടങ്ങല്ല ഇസ്‌ലാമിൽ നമസ്കാരം. മസ്ജിദുകളിൽനിന്നും വിളിക്കപ്പെടുന്ന ബാങ്കിൽ 'നമസ്കാരത്തിനായി നിങ്ങൾ വരൂ, വിജയത്തിലേക്ക് നിങ്ങൾ വരൂ' എന്ന ആഹ്വാനം കേട്ട് പള്ളികളിലേക്ക് പോകുന്ന വിശ്വാസിക്ക് അവിടെ അയൽവാസികളെയും നാട്ടുകാരെയും കൂട്ടുകാരെയും കണ്ട് അവരുടെ വിഷമങ്ങളിലും സന്തോഷങ്ങളിലും പങ്കുചേരാൻ സാധിക്കുന്നു. ഇങ്ങനെ തോളോട് തോൾചേർന്ന് വിശ്വാസികൾ നമസ്കാരത്തിലേർപ്പെടുമ്പോൾ അവരിൽ സ്നേഹവും കാരുണ്യവും വളരുന്നു. അവർക്കിടയിൽ ഉച്ചനീചത്വങ്ങൾ ഇല്ലാതാവുന്നു. വർണവൈവിധ്യമോ കുടുംബ പാരമ്പര്യമോ ദരിദ്ര-ധനിക വ്യത്യാസമോ ഒന്നും അവർക്കിടയിൽ അകൽച്ചയുണ്ടാക്കില്ല; മറിച്ച് വിശ്വാസികളെന്ന പേരിൽ അവർ ഒരു സ്നേഹസമൂഹമായി മാറുന്നു. ഇത്രയും ഉന്നതമായ കാഴ്ചപ്പാടാണ് ഇസ്‌ലാം ഉയർത്തിപ്പിടിക്കുന്നതെങ്കിൽ തന്റെ നമസ്കാരമോ മറ്റു ഇടപെടലുകളോ തന്റെ കൂട്ടുകാരന് ഒരുനിലയ്ക്കും ദോഷകരമായി ഭവിക്കാൻ പാടില്ല എന്ന് വിശ്വാസി തിരിച്ചറിയണം. ഉള്ളി കഴിച്ച് പള്ളിയിൽ വരരുതെന്ന പ്രവാചക നിർദേശം ഇതിനോടൊപ്പം കൂട്ടിവായിക്കാം. 'കോവിഡ് 19' പോലെയുള്ള ദുരന്തങ്ങൾ വിതയ്ക്കുന്ന വൈറസുകളെയും പേറി ഒരാൾ പള്ളിയിൽ പോയാലുണ്ടാകുന്ന അവസ്ഥ നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. അതുകൊണ്ടാണ് അല്ലാഹുവിന്റെ റസൂൽﷺ മഹാമാരികളുടെ സന്ദർഭങ്ങളിൽ പുറത്തിറങ്ങരുതെന്ന് നിർദേശിച്ചിട്ടുള്ളത്. പുറത്തിറങ്ങരുതെന്ന് പറയുമ്പോൾ അവിടെ കാലമോ സ്ഥലമോ പ്രസക്തമല്ല. റമദാനെന്നോ പള്ളിയെന്നോ വ്യത്യാസമില്ല എന്നർഥം.

'ലാ യുകല്ലിഫുല്ലാഹു നഫ്സൻ ഇല്ലാ വുസ്അഹാ' (ഒരാളോടും അതിന്റെ കഴിവിൽ പെട്ടതല്ലാതെ നിയമമാക്കുന്നില്ല) എന്ന പ്രസിദ്ധമായ ക്വുർആൻ വചനം നാം എപ്പോഴും ഓർത്തുവെക്കേണ്ടതാണ്.

പള്ളികളിൽ പോയാൽ നമുക്ക് ലഭിക്കുന്ന ഉന്നതമായ പ്രതിഫലം നഷ്ടപ്പെടില്ലേ എന്ന ആശങ്ക വിശ്വാസിയിൽ ഉണ്ടാവുക സ്വാഭാവികമാണ്. എന്നാൽ ആ പ്രതിഫലത്തെ ആഗ്രഹിച്ചു കഴിയുന്ന ഒരു വിശ്വാസിക്ക് അതിനുള്ള കഴിവില്ലെങ്കിൽ കഴിവനുസരിച്ച് അയാൾ നിർവഹിക്കുന്ന ആരാധനകൾക്ക് വമ്പിച്ച പ്രതിഫലമുണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. 'വത്തക്വുല്ലാഹ മസ്തത്വഅ്തും' (നിങ്ങൾ സാധിക്കുന്നത്ര അല്ലാഹുവിനെ സൂക്ഷിക്കുക) എന്ന അല്ലാഹുവിന്റെ കൽപനയുടെ സാക്ഷികളായി നാം മാറുക. ഇപ്പോൾ പള്ളികളിൽ പോകാൻ നമുക്ക് സാധ്യമല്ല. എന്നാൽ പള്ളികളിൽ പോകാൻ സാധിക്കുന്നില്ല എന്നതിന്റെ പേരിൽ നമുക്ക് നമ്മുടെ ഇബാദത്തുകൾ നിർവഹിക്കാൻ സാധിക്കില്ലേ? തീർച്ചയായും സാധിക്കും. വീടുകളിൽ നമുക്കത് പൂർണമായ വിശ്വാസത്തോടെയും അ




ടക്കത്തോടെയും പ്രതിഫലേച്ഛയോടെയും നിർവഹിക്കാൻ സാധിക്കും.



റമദാനിൽ വീടുകൾ ഇബാദത്തുകൾ കൊണ്ട് ധന്യമാക്കാൻ സാധിക്കുവാനുള്ള ഒരവസരം അല്ലാഹു നമുക്ക് ഒരുക്കിത്തന്നിരിക്കുകയാണ്. വീട് സമാധാനത്തിന്റെ കേന്ദ്രമാണെന്നാണ് ക്വുർആനിന്റെ താൽപര്യം. 'മനസ്സമാധാനം' എന്ന ആശയം വരുന്ന 'സകൻ' എന്ന പദമാണ് താമസസ്ഥലത്തെ സൂചിപ്പിക്കാൻ ക്വുർആൻ ഉപയോഗിച്ചിട്ടുള്ളത്. മനസ്സുകളുടെ സമാധാനമാവട്ടെ അല്ലാഹുവെ കുറിച്ചുള്ള സ്മരണയിലൂടെ മാത്രമെ ലഭ്യമാകൂ എന്നും ക്വുർആൻ പഠിപ്പിക്കുന്നു. 'അലാ ബി ദിക്‌രില്ലാഹി തത്‌മഇന്നുൽ കുലൂബ്' (അല്ലാഹുവെ കുറിച്ചുള്ള സ്മരണ കൊണ്ട് മാത്രമെ ഹൃദയങ്ങൾ ശാന്തമാകൂ) എന്നാണ് ക്വുർആൻ പഠിപ്പിക്കുന്നത്. ശാന്തിയുടെ ഗേഹങ്ങളായിരിക്കണം നമ്മുടെ വീടുകൾ. ലോക്ഡൗൺ കാലത്ത് കുടുംബങ്ങളിൽ അശാന്തിയും അസമാധാനവും പടരുന്നുവെന്ന ഒരു റിപ്പോർട്ട് ഈയിടെ ചില മാധ്യമങ്ങൾ പുറത്തുവിടുകയുണ്ടായി. ഭാര്യയും ഭർത്താവും മക്കളും ഒരുമിച്ച് വീടുകളിൽ എല്ലാ സമയവും ജീവിച്ചു തുടങ്ങിയപ്പോൾ വീടുകൾ കലുഷിതമാകുന്നുവെന്നാണ് ആ റിപ്പോർട്ട് പറയുന്നത്. ഇതൊരു താക്കീതാണ്. യഥാർഥ വിശ്വാസികളുടെ വീട് ഇതിന്റെ നേർവിപരീതമാവണം. വീടിന്റെയും കുടുംബത്തിന്റെയും മഹത്ത്വമെന്തെന്നു തിരിച്ചറിയാനുള്ള ഒരു സന്ദർഭമായി ലോക്ഡൗൺ കാലത്തെ കാണാൻ അല്ലാഹു നമുക്ക് അവസരം ഒരുക്കിയിരിക്കുകയാണ്. റമദാൻ അല്ലാഹുവെ ധാരാളം അനുസ്മരിക്കാനുള്ള സന്ദർഭമാണല്ലോ. വീടുകളിൽ ദമ്പതികളും കുട്ടികളും പേരക്കിടാങ്ങളുമെല്ലാം ഒരുമിച്ചിരുന്നു അല്ലാഹുവിനെ ധാരാളമായി അനുസ്മരിക്കുന്ന വേളകൾ സൃഷ്ടിക്കപ്പെടുമ്പോൾ കലുഷിതമായ കുടുംബാന്തരീക്ഷം സ്വച്ഛവും ശീതളവുമായ അവസ്ഥയിലേക്ക് പരിവർത്തിക്കപ്പെടും.

ക്വുർആൻ അവതീർണമായ മാസമാണ് റമദാൻ. റമദാൻ പ്രധാനമായും ബന്ധപ്പെട്ടു നിൽക്കുന്നത് ക്വുർആനുമായാണ്. ക്വുർആൻ പാരായണം ചെയ്യുകയും മനഃപാഠമാക്കുകയും ചെയ്യുകയെന്നത് റമദാൻ മാസത്തിൽ വിശ്വാസികൾ വലിയ ഊന്നൽ നൽകുന്ന സൽകർമമാണ്. എന്നാൽ ക്വുർആൻ പഠനത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം അതിലെ ആശയങ്ങൾ അറിയുക എന്നതാണ്. പത്തറുപത് വർഷം ജീവിച്ചിട്ടും ഓരോ റമദാനിലും ക്വുർആനിന്റെ 'ഖത്തം പൂർത്തിയാക്കിയിട്ടും' ക്വുർആനിലെ ആയത്തുകളിൽ അടങ്ങിയ ആശയങ്ങൾ ഒരാൾ മനസ്സിലാക്കിയിട്ടില്ലെങ്കിൽ അതിനർഥം ക്വുർആനിന്റെ ലക്ഷ്യം മനസ്സിലാക്കാതെയുള്ള പാരായണമാണ് അയാൾ നിർവഹിക്കുന്നത് എന്നാണ്. റമദാനിൽ വീടുകളിൽ കഴിയുമ്പോൾ കുടുംബസമേതം ക്വുർആൻ പഠിക്കാനുള്ള അവസരങ്ങൾ ധാരാളമാണ്. അതിനുള്ള സൗകര്യങ്ങൾ ഒരുക്കുകയാണ് കുടുംബനാഥൻ ചെയ്യേണ്ടത്. റമദാനിലും സോഷ്യൽ മീഡിയ സമ്മാനിക്കുന്ന ഒട്ടനവധി പ്രസംഗങ്ങളും ക്ലിപ്പുകളുമായി സമയം തള്ളിനീക്കുകയാണെങ്കിൽ ശരിയായ ക്വുർആൻ പഠനം നമ്മുടെ വീടുകളിൽ നടക്കില്ല. മുസ്ഹഫ് തുറന്നുവെച്ച് ഓരോ ആയത്തും പാരായണം ചെയ്ത്, അമാനി മൗലവിയുടെ തഫ്സീർ ഉപയോഗപ്പെടുത്തി, എല്ലാ കുടുംബാംഗങ്ങളെയും കൂടെയിരുത്തി ഗഹനമായി പഠിക്കാൻ ഈ അവസരം ഉപയോഗപ്പെടുത്തിയാൽ ക്വുർആനിന്റെ മാസമായ റമദാൻ ധന്യമായി.

റമദാനിൽ വിശ്വാസികൾ വീഴ്ചകൂടാതെ നിർവഹിച്ചുപോരുന്ന ആരാധനയാണ് തറാവീഹ് നമസ്കാരം. നിർബന്ധ നമസ്കാരങ്ങളുടെ പ്രാധാന്യം മനസ്സിലാക്കാതെ തറാവീഹിനു വേണ്ടി പള്ളികളിലേക്ക് ഓടിവരുന്ന ആളുകളുണ്ട്. നിർബന്ധ നമസ്കാരങ്ങൾ കൃത്യമായി ജമാഅത്തായി നിർവഹിക്കുന്നതിൽ വീഴ്ച വരുത്തി തറാവീഹിനു വേണ്ടി ഒരുങ്ങുന്നതിൽ യാതൊരു അർഥവുമില്ല. ഇത്തവണ വീടുകളിലാണ് നാം നമസ്കാരം നിർവഹിക്കുന്നത്. ഓരോ വഖ്തിലും അതീവ സൂക്ഷ്മതയോടെ ഫജ്ർ, ദ്വുഹ്ർ, അസ്വ്ർ, മഗ്‌രിബ്, ഇശാഅ് എന്നീ നിർബന്ധ നമസ്കാരങ്ങൾ വീടുകളിൽ ജമാഅത്തായി



നിർവഹിക്കുക. പുരുഷന്മാരിൽ ക്വുർആൻ കൂടുതൽ അറിയുന്നവർ ഇമാമായി നിൽക്കുക. ഓരോ ജമാഅത്തിനും കൃത്യമായ സമയം വീടുകളിലാണെങ്കിലും നിശ്ചയിക്കുക. നിർബന്ധ നമസ്കാരങ്ങൾക്ക് ബാങ്ക് വിളിക്കുകയും റവാതിബ് സുന്നത്തുകൾ നമസ്കരിച്ചു ഇക്വാമത്ത് കൊടുത്ത് ജമാഅത്തിലേക്ക് പ്രവേശിക്കുകയും ചെയ്യുക. ജമാഅത്തിന് ശേഷമുള്ള റവാതിബുകളും പാലിച്ചു പോരുക. തറാവീഹ് നമസ്കാരം സ്വാഭാവികമായും ദീർഘിച്ചു നിർവഹിക്കപ്പെടുന്ന നമസ്കാരമായതിനാൽ ഓരോ ദിവസവും നമസ്കാരത്തിൽ പാരായണം ചെയ്യേണ്ട ഭാഗങ്ങൾ പകൽ സമയം പരിശോധിക്കുകയും തെറ്റുകൾ തിരുത്തി അവലോകനം ചെയ്തു രാത്രിയിലേക്ക് തയ്യാറാവുകയുമാണ് വേണ്ടത്. ക്വുർആൻ മനഃപാഠമാക്കി അതിൽ നിന്നും എളുപ്പമായതാണ് തറാവീഹ് നമസ്കാരങ്ങളിൽ പാരായണം ചെയ്യേണ്ടത്. ക്വുർആൻ ഒട്ടും മനഃപാഠമില്ലാത്തവർക്ക് മുസ്ഹഫ് നോക്കി ഓതുന്നതിന് വിരോധമില്ല എന്നാണ് പണ്ഡിതന്മാരുടെ അഭിപ്രായം. പാരായണത്തിൽ സംഭവിക്കുന്ന അബദ്ധങ്ങൾ പിറകിൽ നമസ്കരിക്കുന്നവർ തിരുത്തിക്കൊടുക്കുക. അന്യപുരുഷന്മാർ ഇല്ലെങ്കിൽ സ്ത്രീകൾക്കും അബദ്ധങ്ങൾ പറഞ്ഞുകൊടുക്കാവുന്നതാണ്. ഓരോ ദിവസവും പാരായണം ചെയ്യുന്ന ഭാഗം ഇമാം നിൽക്കുന്ന ആളും മറ്റുള്ളവരും ഒരുപോലെ പകൽ സമയത്ത് പഠിക്കുകയാണെങ്കിൽ രാത്രി നമസ്കാര വേളകളിൽ അത് ഉപകാരപ്പെടും. പതിനൊന്ന് റക്അത്ത് ആണ് തറാവീഹ് നമസ്കാരം. അത് ഓരോരുത്തരുടെ അവസ്ഥക്കനുസരിച്ച് ഇടവേളകൾ നിശ്ചയിച്ച് നിർവഹിക്കുന്നതാണ് ഉചിതം.

റമദാൻ ആത്മീയ വിഭവങ്ങൾ കൂടുതൽ കരഗതമാക്കേണ്ട മാസമാണ്. അതിനർഥം ഭൗതിക വിഭവങ്ങൾ തീരെ വേണ്ട എന്നല്ല. പൊതുവിൽ റമദാൻ മാസം ആഗതമായാൽ വിവിധതരം ഭക്ഷണങ്ങളെ കുറിച്ചുള്ള ചർച്ചകളും പരസ്യങ്ങളും സജീവമാകാറുണ്ട്. പകൽ മുഴുവൻ അന്നപാനീയങ്ങൾ ഉപേക്ഷിച്ച് രാത്രി മുഴുവൻ അമിതഭോജനം നടത്തുകയാണ് പലരുടെയും പതിവ്. ഇത് റമദാനിന്റെ സന്ദേശത്തിന് കടകവിരുദ്ധമാണ്. റമദാനിനെ അപമാനിക്കുന്നതിന് തുല്യമാണത്. റമദാനിൽ അടുക്കളയുടെ ചുവരുകൾക്കുള്ളിൽ സ്ത്രീസമൂഹം തളിച്ചിടപ്പെടാൻ പാടില്ല. വീട്ടിലെ ഓരോ അംഗവും അവരവരുടെ കഴിവനുസിച്ച് വിശപ്പ് മാറാൻ പര്യാപ്തമായ ലളിതമായ ഭക്ഷണങ്ങൾ ഉണ്ടാക്കി പരസ്പരം സഹകരിക്കുകയാണ് വേണ്ടത്. നോമ്പ് തുറക്കാനും അത്താഴത്തിനുമുള്ള ഭക്ഷണം ലളിതമാക്കുമ്പോൾ മാത്രമെ ക്വുർആൻ പഠിപ്പിച്ച, പ്രവാചകൻﷺ മാതൃകയാക്കിത്തന്ന ശരിയായ ഭക്ഷണ രീതിയുടെ വക്താക്കളായി നാം മാറുകയുള്ളൂ. ഭക്ഷണവും വെള്ളവും തുല്യമാക്കുകയും വയറിന്റെ മൂന്നിലൊന്ന് ഒഴിച്ചിടുകയും ചെയ്യുക എന്നത് ഇഫ്താർ വേളകളിലും അത്താഴ സമയങ്ങളിലും നിർബന്ധമാണ്. ഇഫ്താറും അത്താഴവും കുടുംബാംഗങ്ങൾ ഒരുമിച്ചിരുന്നു നിർവഹിക്കണം. ഓരോരുത്തരുടെ സൗകര്യമനുസരിച്ചല്ല, ഒരുമിച്ചിരുന്നു കഴിക്കുകയാണ് ഇസ്‌ലാം പഠിപ്പിക്കുന്ന ശീലം.

റമദാനിൽ കണ്ടുവരുന്ന മറ്റൊരു ദുഃശീലമാണ് അമിതമായ പകലുറക്കം. പകൽ മുഴുവൻ കിടന്നുറങ്ങുകയും രാത്രി മുഴുവൻ വിനോദങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നവർ ഏറെയാണ്. ഒരു മനുഷ്യൻ ആവശ്യത്തിന് ഉറങ്ങണം. രാത്രികാലങ്ങളിൽ മുഴുവൻ ഉറക്കമുപേക്ഷിച്ച് ആരാധനകൾ നിർവഹിക്കുന്നത് പോലും റസൂൽﷺ എതിർക്കുകയാണുണ്ടായത്. അപ്പോൾ പിന്നെ രാത്രികാല വിനോദങ്ങളെക്കുറിച്ച് പറയാനുണ്ടോ! സ്മാർട്ട് ഫോണുകളാണ് ഇന്ന് മിക്കവരുടെയും ഉറക്കം കെടുത്തുന്നത്. നല്ല നല്ല

ഇസ്‌ലാമിക പ്രോഗ്രാമുകൾ കേൾക്കുക എന്ന രൂപത്തിലായിരിക്കും പലരും റമദാനിൽ മൊബൈലുകളിലേക്ക് പ്രവേശിക്കുന്നത്. ചിലർക്ക് അതും ഒരു വിനോദമാണ്. വാട്സാപ്പിലും ടെലഗ്രാമിലും ഫെയ്സ് ബുക്കിലുമുള്ള നൂറു നൂറായിരം ഗ്രൂപ്പുകളിൽ വരുന്ന സന്ദേശങ്ങളും നോക്കി സമയം കളയുന്നതിലൂടെ നഷ്ടമാകുന്നത് റമദാനിന്റെ ചൈതന്യമാണ് എന്ന് പലരും ഓർക്കാറില്ല. ഇങ്ങനെ സമയം കളഞ്ഞ് നമസ്കാര സമയമാകുമ്പോൾ പലരിലും അലസതയും മടിയും പിടികൂടി കഴിഞ്ഞിട്ടുണ്ടാകും. അതോടെ അവരുടെ നമസ്കാരം ചടങ്ങായി ചുരുങ്ങുകയും ചെയ്യും. പിശാച് ഒരുക്കുന്ന കെണികളെ നാം ശ്രദ്ധിച്ചില്ലെങ്കിൽ നമുക്കാണ് നഷ്ടം സംഭവിക്കുക എന്ന് ഓർത്തുവയ്ക്കുക.

ആത്മനിയന്ത്രണമാണ് റമദാനിൽ നാം ശീലിക്കേണ്ട നല്ല ഗുണം. മനസ്സിനോടൊപ്പം ശരീരത്തിലെ ഓരോ അവയവങ്ങളെയും നിയന്ത്രിച്ചു നിർത്തുകയാണ് വിശ്വാസി ചെയ്യേണ്ടത്. ഏറ്റവും വിശിഷ്ടമായ സ്വഭാവങ്ങളുടെ പൂർത്തീകരണത്തിനാണ് റസൂൽ ﷺ നിയോഗിക്കപ്പെട്ടത്. നാവിലൂടെ സംഭവിക്കുന്ന അബദ്ധങ്ങൾക്ക് കടിഞ്ഞാണിടാൻ നോമ്പുകാരന് സാധിക്കണം. എപ്പോഴും വീടുകളിൽ കഴിയുമ്പോൾ പകൽ സമയങ്ങളിലെ മാനസികവും ശാരീരികവുമായ വൈകാരിക ക്ഷോഭങ്ങളെ വിശ്വാസി അടക്കി നിർത്തേണ്ടതുണ്ട്. നോമ്പ് ദുർബലായിപ്പോകുന്ന അവസ്ഥയിലേക്ക് നമ്മുടെ വികാരങ്ങൾ വഴുതിപ്പോവാതെ നോക്കണം.

റമദാൻ ദാനധർമ്മങ്ങളുടെ മാസമാണ്. കോവിഡ് കാലമായതിനാൽ നമുക്കുചുറ്റും ജോലിയും വരുമാനവുമില്ലാത്തവരുടെ എണ്ണം വളരെ കൂടിക്കൊണ്ടിരിക്കുകയാണ്. സാമൂഹിക അകലം കാരണം പലരുടെയും പ്രശ്ങ്ങളെക്കുറിച്ച് നേരിട്ടറിയാൻ സാധിക്കുന്നില്ല. ഏതൊക്കെ വീടുകളിൽ പുക ഉയരുന്നില്ലെന്നു പോലും അറിയാൻ സാധിക്കാത്തവിധം നാം സോഷ്യൽ ഡിസ്റ്റൻസിങ്ങിലാണ്. ടെലിഫോണിലൂടെയും മറ്റു മാർഗങ്ങളുപയോഗിച്ചും മറ്റുള്ളവരുടെ പ്രശ്ന ങ്ങൾ അറിയാൻ ശ്രമിക്കുകയും അവരുടെ പ്രയാസങ്ങൾ ഇല്ലാതാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുക. ബന്ധങ്ങൾ സോഷ്യൽ മീഡിയകളിലൂടെ മാത്രം പോരാ. ഓരോരുത്തരെ കുറിച്ചും അന്വേഷിച്ച് അവർക്കാവശ്യമുള്ള കാര്യങ്ങൾ ചെയ്തുകൊടുക്കൽ ഒരു വിശ്വാസിയുടെ കടമയാണ്. സഹായ പദ്ധതികൾ രൂപീകരിച്ച് സന്നദ്ധ ഭടന്മാരായി ചിലരെങ്കിലും രംഗത്തിറങ്ങി നിയമങ്ങൾ പാലിച്ചുകൊണ്ട് സേവനങ്ങൾ ചെയ്യൽ അനിവാര്യമാണ്. അധികാരികൾ നിയമങ്ങളുടെ അക്ഷരവായന അവസാനിപ്പിച്ച് സന്നദ്ധ പ്രവർത്തകർക്ക് പ്രവർത്തിക്കാനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയാണ് വേണ്ടത്. പ്രാദേശികമായി വെൽഫെയർ ഫണ്ടുകൾ രൂപീകരിച്ചും മറ്റുള്ള സംഘടനകളുമായി സഹകരിച്ചും ലോക്ഡൗൺ കാലത്തെ പ്രയാസങ്ങൾ നീക്കിക്കൊടുക്കാൻ മുമ്പോട്ടുവരേണ്ടതുണ്ട്. ഫിത്ർ സകാത്തും ഇതേ രൂപത്തിൽ നിർവഹിക്കാൻ നമുക്ക് സാധിക്കും.

ലോക്ഡൗൺ അല്ലാഹുവിന്റെ പരീക്ഷണമാണ്. പരീക്ഷണങ്ങളെ ക്ഷമയോടെ അവലംബിച്ച് നമുക്കനുകൂലമാക്കാൻ സാധിച്ചാൽ നാം വിജയിച്ചു. നബിﷺ പറഞ്ഞു: 'വിശ്വാസിയുടെ കാര്യം അത്ഭുതം തന്നെയാണ്. ദുരിതം ബാധിച്ചാൽ അവൻ ക്ഷമിക്കും; അതവന് നന്മയാണ്. സന്തോഷകരമായ കാര്യം വന്നെത്തിയാൽ അവൻ നന്ദി കാണിക്കും. അതും അവന് നന്മയാണ്.'

പള്ളികളിലേക്ക് പോകാൻ സാധിക്കാത്ത വിധം റമദാൻ മാസത്തിൽ നാം പരീക്ഷിക്കപ്പെടുമ്പോൾ കൃത്യമായ ജമാഅത്തുകൾ വീടുകളിൽ നിർവഹിച്ചും ക്വുർആൻ പഠനങ്ങളുമായി ബന്ധപ്പെട്ടും കുടുംബാംഗങ്ങൾക്ക് സേവനം ചെയ്തും രാത്രി നമസ്കാരം നിർവഹിച്ചും സോഷ്യൽ മീഡിയകളിൽ നിന്നും അകന്നുനിന്നും നമുക്ക് ലഭ്യമാകുന്ന സമയങ്ങളെ അല്ലാഹുവിന് ഇഷ്ടമുള്ളതാക്കി മാറ്റാൻ നാം ശ്രമിക്കുക. അല്ലാഹു അനുഗ്രഹിക്കട്ടെ.



ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

ലേഖനം



# നോമ്പുകാരറിയാൻ

ലോകം കോവിഡ് എന്ന പകർച്ചവ്യാധിയുടെ പിടിയിലമർന്ന സാഹചര്യത്തിലാണ് ഈ വർഷത്തെ റമദാൻ കടന്നുവന്നിരിക്കുന്നത്. സാഹചര്യം ഏതായിരുന്നാലും ഇസ്‌ലാം നിർബന്ധമായി കൽപിച്ച കാര്യങ്ങൾ സാധ്യമാകുന്ന രൂപത്തിൽ പ്രാവർത്തികമാക്കൽ വിശ്വാസികളുടെ കടമയാണ്. റമദാൻ മാസത്തിലെ വ്രതാനുഷ്ഠാനം ഒരു നിർബന്ധ ആരാധനയാണ്. അത് ഇസ്‌ലാമിന്റെ പഞ്ച സ്തംഭങ്ങളിൽ ഒന്നാണ്.

ഇബ്‌നു ഉമർ(റ) നിവേദനം. നബി(ﷺ) പറഞ്ഞു: "ഇസ്‌ലാം സ്ഥാപിതമായിരിക്കുന്നത് അഞ്ചു കാര്യങ്ങളിന്മേലാണ്: 'അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ല, മുഹമ്മദ് നബി(ﷺ) അല്ലാഹുവിന്റെ ദൂതനാകുന്നു' എന്ന സത്യസാക്ഷ്യ വചനം, നമസ്‌കാരം മുറപോലെ നിർവഹിക്കൽ, സകാത്ത് നൽകൽ, ഹജ്ജ് നിർവഹിക്കൽ, നോമ്പ് നോൽക്കൽ എന്നിവയാണവ" (ബുഖാരി, മുസ്‌ലിം).

മുഹമ്മദ് നബി(ﷺ)യുടെ സമൂഹത്തിനു മേൽ നിർബന്ധമാക്കിയ ഒന്നല്ല വ്രതാനുഷ്ഠാനമെന്നും മുൻഗാമികൾക്കും അല്ലാഹു അത് നിർബന്ധമാക്കിയിരുന്നെന്നും ക്വുർആനിലൂടെ അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്.

അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾക്കു മുമ്പുള്ളവർക്ക് നോമ്പ് നിർബന്ധമാക്കപ്പെട്ടതു പോലെ നിങ്ങൾക്കും നോമ്പ് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ സൂക്ഷ്മാലുക്കളായിത്തീരുന്നതിനു വേണ്ടിയത്രെ അത്. എണ്ണപ്പെട്ട ഏതാനും ദിവസങ്ങളിൽ മാത്രം. നിങ്ങളിലാരെങ്കിലും രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്താൽ മറ്റു ദിവസങ്ങളിൽ അത്രയും എണ്ണം നോമ്പുകൾ വീട്ടേണ്ടതാണ്. ഞെരുക്കത്തോടെയല്ലാതെ നോമ്പെടുക്കാൻ സാധിക്കാത്തവർ ഒരു ദരിദ്രനുള്ള ഭക്ഷണം പ്രായശ്ചിത്തമായി നൽകേണ്ടതാണ്. എന്നാൽ ആരെങ്കിലും സ്വയം താൽപര്യമെടുത്ത് കൂടുതൽ നന്മ ചെയ്യുന്നുവെങ്കിൽ അതു ഗുണകരം തന്നെ, നിങ്ങൾ നോമ്പനുഷ്ഠിക്കുന്നതാകുന്നു കാര്യം നന്നായി മനസ്സിലാക്കുന്നുവെങ്കിൽ നിങ്ങൾക്കു നല്ലത്. ജനങ്ങൾക്ക് മാർഗദർശകമായിക്കൊണ്ടും നേർവഴി കാണിക്കുന്നതായും സത്യാസത്യങ്ങളെ വിവേചിച്ചു കാണിക്കുന്നതുമായ വ്യക്തമായ തെളിവുകളും കൊണ്ട് വിശുദ്ധ ക്വുർആൻ അവതീർണമായ മാസമാകുന്നു റമദാൻ. അതുകൊണ്ട് നിങ്ങളിൽ ആരാണോ ആ മാസത്തിൽ സന്നിഹിതരായത് അവരെല്ലാം വ്രതമെടുക്കേണ്ടതാണ്, വല്ലവരും രോഗിയാവുകയോ യാത്രപോവുകയോ ചെയ്താൽ പകരം അത്രയും എണ്ണം നോമ്പ് (പിന്നീട്) വീട്ടേണ്ടതാണ്. നിങ്ങൾക്ക് എളുപ്പമുണ്ടാവണമെന്നാണ് അല്ലാഹു ഉദ്ദേശിക്കുന്നത്, ഞെരുക്കം ഉണ്ടാക്കാൻ അവൻ ഉദ്ദേശിക്കുന്നില്ല. നിങ്ങൾ ആ എണ്ണം പൂർത്തിയാക്കുവാനും നിങ്ങൾക്ക് വഴികാണിച്ചു തന്നതിന്റെ പേരിൽ അല്ലാഹുവിന്റെ മഹത്ത്വം പ്രകീർത്തിക്കുവാനും വേണ്ടിയത്രെ (അങ്ങിനെ കൽപിച്ചിരിക്കുന്നത്)" (അൽബക്വറ: 183-185).

## അളവറ്റ പ്രതിഫലം

അളവറ്റ പ്രതിഫലം വാഗ്ദാനം ചെയ്യപ്പെട്ട ഒരു സവിശേഷ ആരാധനയാണ് റമദാനിലെ നോമ്പ്. പ്രതിഫലം കാംക്ഷിച്ചുകൊണ്ടും ഇസ്‌ലാം പഠിപ്പിച്ച മര്യാദകൾ പാലിച്ചുകൊണ്ടും നോമ്പെടുക്കുന്നവർക്ക് ആ പ്രതിഫലം ലഭിക്കാതിരിക്കില്ല.

അബൂഹുറയ്‌റ(റ) നിവേദനം. നബി(ﷺ) പറഞ്ഞു: "വിശ്വാസത്തോടെയും പ്രതിഫലേച്ഛയോടെയും ആരെങ്കിലും റമദാനിലെ നോമ്പ് അനുഷ്ഠിച്ചാൽ അവന്റെ മുൻകാല പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്. വിശ്വാസത്തോടെയും പ്രതിഫലേച്ഛയോടെയും ആരെങ്കിലും ലൈലതുൽ ക്വദ്റിൽ രാത്രി നമസ്കരിച്ചാൽ അവന്റെ മുൻകഴിഞ്ഞ പാപങ്ങളെല്ലാം പൊറുക്കപ്പെടുന്നതാകുന്നു" (ബുഖാരി, മുസ്‌ലിം).

അബൂഹുറയ്‌റ(റ) നിവേദനം. നബി(ﷺ) പറഞ്ഞു: "അല്ലാഹു ഇപ്രകാരം പറഞ്ഞിരിക്കുന്നു: 'മനുഷ്യന്റെ മുഴുവൻ കർമങ്ങളും അവനുള്ളതാകുന്നു. നോമ്പൊഴികെ. അത് എനിക്കുള്ളതാണ്. ഞാൻ അതിന് പ്രതിഫലം നൽകുകയും ചെയ്യും. നോമ്പ് ഒരു പരിചയാണ്. അതിനാൽ നിങ്ങളിലൊരാളും നോമ്പിന്റെ ദിനത്തിൽ അസഭ്യം പറയുകയോ കലഹിക്കുകയോ ചെയ്യരുത്. ആരെങ്കിലും തന്നോട് ചീത്ത പറയുകയോ കലഹിക്കുകയോ ചെയ്താൽ 'ഞാൻ നോമ്പുകാരനാണെ'ന്ന് അവൻ പറയട്ടെ. മുഹമ്മദിന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെ സത്യം, നോമ്പെടുക്കുകവഴി നോമ്പുകാരന്റെ വായിൽനിന്നുള്ള ഗന്ധം അന്ത്യനാളിൽ അല്ലാഹുവിന്റെയടുക്കൽ കസ്തൂരിയെക്കാൾ സുഗന്ധമുള്ളതായിരിക്കും. നോമ്പുകാരന് രണ്ട് സന്തോഷങ്ങളുണ്ട്. ഒന്ന് നോമ്പ് തുറക്കുമ്പോഴും മറ്റൊന്ന് അല്ലാഹുവിനെ കണ്ടുമുട്ടുമ്പോഴും" (ബുഖാരി, മുസ്‌ലിം).

സഹ്‌ലുബ്നു സഅ്ദ്(റ) നിവേദനം. നബി(ﷺ) അരുളി: "റയ്യാൻ എന്നു പേരുള്ള ഒരു കവാടം സ്വർഗത്തിലുണ്ട്. അത് നോമ്പുകാർക്കുള്ളതാണ്. അന്ത്യനാളിൽ നോമ്പുകാർ അതിലൂടെ പ്രവേശിക്കുന്നതാണ്. നോമ്പുകാരല്ലാതെ അവരോടൊപ്പം (അതിലൂടെ) ആരും പ്രവേശിക്കുന്നതല്ല. (ആ കവാടത്തിന്റെയടുത്ത് നിന്നും) ഇപ്രകാരം വിളിച്ചു പറയപ്പെടും: 'എവിടെ നോമ്പുകാർ?' അങ്ങനെ അവർ മാത്രം പ്രവേശിക്കും. അവർ പ്രവേശിച്ചു കഴിഞ്ഞാൽ ആ കവാടം അടക്കപ്പെടും. പിന്നീട് ഒരാളെയും അതിലൂടെ കടത്തിവിടുകയില്ല" (ബുഖാരി, മുസ്‌ലിം).



### നോമ്പ് നിർബന്ധമുള്ളവർ

പ്രായപൂർത്തിയായ, ബുദ്ധിയും ആരോഗ്യവുമുള്ള ഓരോ വിശ്വാസിക്കും നോമ്പ് നിർബന്ധമാണ്. എന്നാൽ ആർത്തവകാരികളും പ്രസവാനന്തരം രക്തസ്രാവമുള്ളവരും നോമ്പെടുക്കേണ്ടതില്ലെന്ന് പ്രമാണങ്ങൾ മനസ്സിലാക്കിത്തരുന്നു. അവർ അത്തരം സമയങ്ങളിൽ നോമ്പ് അനുഷ്ഠിച്ചാൽ അത് പരിഗണിക്കപ്പെടുകയില്ല. കാരണം ആർത്തവ-പ്രസവ രക്ത സ്രാവങ്ങളിൽ നിന്നു ശുദ്ധിയായിരിക്കുക എന്നത് നോമ്പിന്റെ നിബന്ധനകളിൽ പെട്ടതാണ്.

ആഇശ ﵂ പറഞ്ഞു: "ഞങ്ങൾക്ക് നബി ﷺ യുടെ കാലത്ത് ആർത്തവമുണ്ടായാൽ നോമ്പ് പിന്നീട് നോറ്റുവീട്ടുവാൻ ഞങ്ങളോട് കൽപിക്കുമായിരുന്നു. നമസ്കാരം വീട്ടാൻ കൽപിക്കാറുണ്ടായിരുന്നില്ല"(ബുഖാരി).



### സാധിക്കാത്തവർ എന്ത് ചെയ്യും?

പ്രായാധിക്യത്താലോ മറ്റോ നോമ്പനുഷ്ഠിക്കാൻ സാധിക്കാത്തവർ ഓരോ നോമ്പിനും പകരമായി ഓരോ ദരിദ്രർക്കുള്ള ഭക്ഷണം നൽകിയാൽ മതിയാകുന്നതാണ്.

"ഞെരുക്കത്തോടെയല്ലാതെ നോമ്പെടുക്കാൻ സാധിക്കാത്തവർ പകരമായി ഒരു ദരിദ്രനുള്ള ഭക്ഷണം പ്രായച്ഛിത്തമായി നൽകേണ്ടതാണ്" (2:184) എന്ന ആയത്തിൽ നിന്നും അതാണ് വ്യക്തമാകുന്നത്.

അത്വാഅ് ﵀ പറയുന്നു: 'ഞെരുക്കത്തോടെയല്ലാതെ നോമ്പെടുക്കാൻ സാധിക്കാത്തവർ ഒരു ദരിദ്രനുള്ള ഭക്ഷണം പ്രായശ്ചിത്തമായി നൽകേണ്ടതാണ്' എന്ന സൂക്തം ഇബ്നു അബ്ബാസ് ﵄ പാരായണം ചെയ്യുകയും അതിലെ വിധി ദുർബലപ്പെടുത്തപ്പെട്ടിട്ടില്ലെന്ന് പറയുകയും ചെയ്യാറുണ്ടായിരുന്നു. അതായത്, കിഴവന്മാരും കിഴവികളും നോമ്പ് എടുക്കാൻ കഴിയില്ലെന്ന് കണ്ടാൽ ഓരോ നോമ്പിനും പകരമായി ഓരോ ദരിദ്രർക്കുള്ള ഭക്ഷണം നൽകിയാൽ മതിയാകുന്നതാണ്" (ബുഖാരി).

### ഗർഭിണികളും മുലയൂട്ടുന്നവരും

ഗർഭിണികളും മുലയൂട്ടുന്ന സ്ത്രീകളും നോമ്പു മുഖേന തങ്ങൾക്കോ കുട്ടികൾക്കോ പ്രയാസം വരുമെന്നു ഭയപ്പെട്ടാൽ നോമ്പ് ഒഴിവാക്കാവുന്നതും പകരം പ്രായച്ഛിത്തം നൽകാവുന്നതുമാണ്. പിന്നീട് വീട്ടേണ്ടതില്ല.

ഇബ്നു അബ്ബാസ് ﵄ വിൽ നിന്ന് നിവേദനം: "ഗർഭിണികൾ തങ്ങളെക്കുറിച്ചോ മുലയൂട്ടുന്നവർ കുട്ടികളെക്കുറിച്ചോ ഭയപ്പെടുന്നുവെങ്കിൽ അവർക്ക് നോമ്പ് ഒഴിവാക്കാവുന്നതും പകരം പ്രായശ്ചിത്തം മാത്രം നൽകിയാൽ മതിയാകുന്നതുമാണ്, പിന്നീട് വീട്ടേണ്ടതില്ല" (ത്വബ്‌രി).

### നിയ്യത്ത് ചൊല്ലിപ്പറയേണ്ടതുണ്ടോ?

ഈ വിഷയത്തിൽ പലർക്കുമിടയിൽ സംശയം നിലനിൽക്കുന്നതായി കാണാം. വാസ്തവത്തിൽ 'നിയ്യത്ത്' എന്ന അറബി പദത്തിന്റെ അർഥം തന്നെ മനസ്സിൽ കരുതുക എന്നതാണ്. നമസ്കാരത്തിനോ നോമ്പിനോ മറ്റോ പ്രത്യേകമായ നിയ്യത്തിന്റെ വചനങ്ങൾ പഠിപ്പിക്കപ്പെട്ടതായി പ്രമാണങ്ങളിൽ കാണുവാൻ സാധ്യമല്ല. ഹജ്ജിനും ഉംറക്കും മാത്രമാണ് നിയ്യത്തിന് പ്രത്യേക പദം പഠിപ്പിക്കപ്പെട്ടിട്ടുള്ളതും അത് നാവുകൊണ്ട് ഉച്ചരിക്കുവാൻ പറഞ്ഞിട്ടുള്ളതും. എന്നാൽ നിയ്യത്ത് ഏതൊരു കർമത്തിനും ആവശ്യമാണ് താനും.

'കർമങ്ങൾക്കെല്ലാം പ്രതിഫലം നിൽകപ്പെടുക ഉദ്ദേശ്യശുദ്ധിക്കനുസരിച്ചു മാത്രമാണ്' എന്ന് നബി ﷺ ഓർമപ്പെടുത്തിയിട്ടുണ്ട്.


ഹഫ്സ ﵂ നിവേദനം. നബി ﷺ പറഞ്ഞു: "പ്രഭാ

തോദയത്തിന് മുമ്പായി നിയ്യത്ത് ചെയ്യാത്തവരുടെ നോമ്പ് സാധുവല്ല" (അബൂദാവൂദ്, തിർമിദി).

## മറന്നുകൊണ്ട് അന്നപാനീയങ്ങൾ ഉപയോഗിച്ചാൽ?

മറന്നുകൊണ്ട് തിന്നുകയോ കുടിക്കുകയോ ചെയ്താൽ പിന്നീട് നോമ്പ് നോറ്റു വീട്ടുകയോ പ്രായച്ഛിത്തം നൽകുകയോ ചെയ്യേണ്ടതില്ല. മറിച്ച് അയാളുടെ നോമ്പ് പരിപൂർണമാണ്.

അബൂഹുറയ്റ(റ) നിവേദനം: "ആരെങ്കിലും നോമ്പുകാരനായിരിക്കെ മറന്നുകൊണ്ട് തിന്നുകയോ കുടിക്കുകയോ ചെയ്താൽ അവൻ നോമ്പ് പൂർത്തിയാക്കിക്കൊള്ളട്ടെ, അവനെ ഭക്ഷിപ്പിച്ചതും കുടിപ്പിച്ചതും അല്ലാഹുവാണ്" (ബുഖാരി,മുസ്‌ലിം,ഇബ്നുമാജ).



## കരുതിക്കൂട്ടി ഛർദിക്കൽ

അബൂഹുറയ്റ(റ) നിവേദനം. നബി(സ) പറഞ്ഞു: "ഉണ്ടാക്കി ഛർദിക്കുന്നവൻ നോമ്പ് വീണ്ടും എടുക്കട്ടെ. മനഃപൂർവമല്ലാതെ ഛർദിക്കുന്നവൻ നോമ്പ് പിന്നീട് പിടിക്കേണ്ടതില്ല" (അബൂദാവൂദ്).

## നോമ്പ് മുറിയുന്ന മറ്റു ചില കാര്യങ്ങൾ

സ്ത്രീകൾക്ക് മാസമുറയോ പ്രസവാനന്തര രക്തസ്രാവമോ ഉണ്ടാവൽ (നോമ്പ് തുറക്കുന്നതിനു തൊട്ടു മുമ്പാണെങ്കിലും) നോമ്പ് മുറിയുന്നതാണ്.

നോമ്പുള്ളവരായിരിക്കെ ലൈംഗികബന്ധത്തിലേർപ്പെടുന്നത് വലിയ അപരാധമാണ്. അതുമുഖേന നോമ്പ് നഷ്ടപ്പെടുത്തുന്നവരുടെ വിധി താഴെ പറയുന്ന ഹദീഥിൽനിന്നും മനസ്സിലാക്കാം:

അബൂഹുറയ്റ(റ) നിവേദനം: "ഞങ്ങൾ നബി(സ)യുടെ അടുത്തായിരിക്കെ ഒരു വ്യക്തി കടന്നുവന്ന് പറഞ്ഞു: 'പ്രവാചകരേ, ഞാൻ നശിച്ചിരിക്കുന്നു.' അവിടുന്ന് ചോദിച്ചു: 'എന്തുപറ്റി?' അയാൾ പറഞ്ഞു: 'ഞാൻ നോമ്പുകാരനായിരിക്കെ ഭാര്യയുമായി ലൈംഗികബന്ധം പുലർത്തി.' അപ്പോൾ നബി(സ) ചോദിച്ചു: 'നിനക്ക് ഒരു അടിമയെ മോചിപ്പിക്കുവാൻ കഴിയുമോ?' അയാൾ പറഞ്ഞു: 'ഇല്ല.' അപ്പോൾ നബി(സ) ചോദിച്ചു: 'നിനക്ക് രണ്ടു മാസം തുടർച്ചയായി നോമ്പെടുക്കാൻ കഴിയുമോ?' 'കഴിയില്ല'- അയാൾ മറുപടി പറഞ്ഞു. നബി(സ) വീണ്ടും ചോദിച്ചു: 'നിനക്ക് അറുപത് ദരിദ്രർക്ക് ഭക്ഷണം നൽകാൻ കഴിയുമോ?' അയാൾ പറഞ്ഞു: 'ഇല്ല.' അങ്ങനെ നബി(സ)യും അനുയായികളും പള്ളിയിൽ തന്നെയിരിക്കെ ഒരു കുട്ടനിറയെ ഈന്തപ്പഴം നബി(സ)യുടെ മുന്നിൽ കൊണ്ടുവരപ്പെട്ടു. നബി(സ) ചോദിച്ചു: 'എവിടെ ആ ചോദ്യകർത്താവ്?' അദ്ദേഹം പറഞ്ഞു: 'ഞാനിതാ.' നബി(സ) പറഞ്ഞു: 'ഈ കുട്ടയിലുള്ള ഈന്തപ്പഴം എടുത്തു നീ ദരിദ്രർക്ക് വിതരണം ചെയ്യുക.' അയാൾ പറഞ്ഞു: 'എന്നെക്കാളും ദരിദ്രനോ പ്രവാചകരേ? ഈ രണ്ടു കുന്നുകൾക്കിടയിൽ എന്നെക്കാൾ ദരിദ്രനായി വേറെ ആരുമില്ല.' അപ്പോൾ നബി(സ) തന്റെ അണപ്പല്ലുകൾ കാണുന്നതുവരെ ചിരിച്ചു. എന്നിട്ടു പറഞ്ഞു: 'എങ്കിൽ നീയും നിന്റെ കുടുംബവും ഭക്ഷിച്ചുകൊള്ളുക" (ബുഖാരി, മുസ്‌ലിം).


## അത്താഴത്തെ നിസ്സാരമായി കാണരുത്

അനസ്(റ) നിവേദനം. നബി(സ) പറഞ്ഞു: "നിങ്ങൾ അത്താഴം കഴിക്കുക, നിശ്ചയമായും അതിൽ അനുഗ്രഹമുണ്ട്" (ബുഖാരി, മുസ്‌ലിം).

അത്താഴത്തിന് ഭക്ഷണമൊന്നും വേണ്ട എന്ന് ഒരാൾക്ക് തോന്നിയാൽ അൽപം വെള്ളമെങ്കിലും കുടിച്ച് അത്താഴത്തിന്റെ പുണ്യം നേടാൻ ശ്രമിക്കണം.

ഇബ്നു ഉമർ(റ) നിവേദനം: "നിങ്ങൾ അൽപം വെള്ളം കുടിച്ചുകൊണ്ടെങ്കിലും അത്താഴം കഴിക്കുക" (അൽജാമിഅ്, ഇബ്നുഹിബ്ബാൻ).

അത്താഴം പരമാവധി പിന്തിപ്പിക്കുന്നതാണ് സുന്നത്ത്. സൈദ് ബിൻ ഥാബിത്(റ) നിവേദനം: "ഞങ്ങൾ നബി(സ)യോടൊന്നിച്ച് അത്താഴം കഴിക്കുകയും സുബ്ഹി നമസ്കരിക്കുകയും ചെയ്തു. അപ്പോൾ അനസ്(റ) ചോദി ച്ചു: 'അത്താഴത്തിനും ബാങ്കിനുമിടയിൽ എത്ര സമയം ഉണ്ടായിരുന്നു?' സൈദ്(റ) പറഞ്ഞു: 'അമ്പത് ആയത്തുകൾ പാരായണം ചെയ്യുവാനുള്ളത്ര സമയം" (ബുഖാരി, മുസ്‌ലിം).



### വാക്കും പ്രവൃത്തിയും നന്നാക്കുക

നോമ്പ് ആമാശയത്തിനു മാത്രം ബാധകമായ ഒന്നല്ല. മനസ്സും നാവും മറ്റു അവയവങ്ങളും നോമ്പിൽ ഭാഗഭാക്കാവണം. അല്ലാത്തപക്ഷം നോമ്പ് വെറും പട്ടിണിയായി മാറും.

നബിﷺ പറഞ്ഞു: "നോമ്പ് ദിവസത്തിൽ ആരും മ്ലേഛമായി സംസാരിക്കുകയോ ബഹളമുണ്ടാക്കുകയോ കലഹിക്കുകയോ ചെയ്യരുത്. വല്ലവനും കലഹവും ചീത്തയുമായി ആരെയെങ്കിലും നേരിട്ടാൽ ഞാൻ നോമ്പുകാരനാണെന്നു പറഞ്ഞു ഒഴിഞ്ഞുമാറട്ടെ" (അബൂദാവൂദ്, ഹാകിം).

"വ്യാജ വാക്കുകൾ പറയുന്നതും അതനുസരിച്ചു പ്രവർത്തിക്കുന്നതും വെടിയാത്തവർ അന്ന പാനീയങ്ങൾ വെടിഞ്ഞ് പട്ടിണികിടക്കണമെന്ന് അല്ലാഹുവിന് യാതൊരു ആവശ്യവുമില്ല" (ബുഖാരി, അബൂദാവൂദ്).

### സമയമായാൽ ഉടൻ നോമ്പുതുറക്കണം

കൃത്രിമമായ ഭക്തി കാണിച്ചുകൊണ്ട് ചിലർ നോമ്പു തുറക്കാൻ സമയമായാലും നോമ്പ് തുറക്കാതിരിക്കുന്നതായി കാണാം. ഇത് പ്രവാചക ചര്യക്ക് വിരുദ്ധമാണ്.

സഹ്ൽബിൻ സഅദ്ؓ നിവേദനം. നബിﷺ പറഞ്ഞു: "നോമ്പ് തുറക്കാൻ തിടുക്കം കാണിക്കുന്ന കാലമത്രയും ജനങ്ങൾ നന്മയിൽ തന്നെയായിരിക്കും" (ബുഖാരി, മുസ്‌ലിം).

### നോമ്പുതുറക്കൽ

അനസുബ്നു മാലിക്ؓ നിവേദനം: "നബിﷺ നമസ്കരിക്കുന്നതിന് മുമ്പു തന്നെ ഏതാനും ഈന്തപ്പഴങ്ങൾ കൊണ്ട് നോമ്പ് തുറക്കുമായിരുന്നു. അതില്ലെങ്കിൽ കാരക്ക കൊണ്ടും അതുമില്ലെങ്കിൽ അൽപം വെള്ളം കുടിച്ചുകൊണ്ടുമായിരുന്നു നോമ്പു തുറക്കാറുണ്ടായിരുന്നത്" (സ്വഹീഹുൽ ജാമിഅ്, അബൂദാവൂദ്).

### നോമ്പ് തുറക്കുന്ന സമയത്തുള്ള പ്രാർഥന

മർവാൻؓ നിവേദനം: "നബിﷺ നോമ്പു തുറക്കുമ്പോൾ 'ധമനികളിലെല്ലാം വെള്ളമെത്തി. ദാഹം മാറുകയും ചെയ്തു, അല്ലാഹു ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ (ഈ നോമ്പിന്റെ) പ്രതിഫലം സ്ഥിരപ്പെട്ടുകഴിഞ്ഞു' എന്ന് പ്രാർഥിക്കാറുണ്ടായിരുന്നു" (സ്വഹീഹുൽ ജാമിഅ്, അബൂദാവൂദ്).

### ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ

കഠിനമായ ചൂടുള്ള അവസരമാണെങ്കിൽ ശരീരത്തിൽ വെള്ളം ഒഴിക്കാൻ നോമ്പുകാരന് അനുവാദമുണ്ട്. അബ്ദുറഹ്മാനുബ്നു അബീബക്കർؓ ചില സ്വഹാബിമാരിൽ നിന്നും നിവേദനം: നബിﷺ 'അർജ്' എന്ന സ്ഥലത്തുവെച്ച് ദാഹമോ ഉഷ്ണമോ കാരണമായി തന്റെ ശരീരത്തിൽവെള്ളം കോരി ഒഴിക്കുന്നത് ഞാൻ കാണുകയുണ്ടായി" (അബൂദാവൂദ്).

വലിയ അശുദ്ധിയുള്ള അവസ്ഥയിൽ സ്വുബ്ഹി വരെ കഴിച്ചു കൂട്ടുന്നതിൽ വിരോധമില്ല. ഉമ്മുസലമؓയിൽ നിന്നും ആഇശؓയിൽ നിന്നും നിവേദനം: "നബിﷺ നോമ്പു കാലങ്ങളിൽ രാത്രി തന്റെ ഭാര്യമാരുമായി ബന്ധം പുലർത്തിയ കാരണത്താൽ വലിയ അശുദ്ധിയോടു കൂടിത്തന്നെ ഫജ്ർ വരെ കഴിച്ചുകൂട്ടാറുണ്ടായിരുന്നു. പിന്നീട് കുളിച്ച് നോമ്പ് എടുക്കുകയും ചെയ്യും" (ബുഖാരി, മുസ്‌ലിം).

സാധിക്കുമെങ്കിൽ ദിവസം അഞ്ചുനേരവും നമസ്കരിക്കാൻ വുദൂഅ് ചെയ്യുമ്പോൾ പല്ലുതേക്കേണ്ടവരാണ് മുസ്‌ലിംകൾ. എന്നിട്ടും ചിലർ നോമ്പിന്റെ പകൽ പല്ലുതേക്കാറില്ല. നോമ്പുകാരന്റെ വായയുടെ ദുർഗന്ധം അല്ലാഹുവിന്റെ അടുക്കൽ കസ്തൂരി പോലെയാണ് എന്ന ഹദീഥാണത്രെ അവർക്ക് അതിനുള്ള തെളിവ്. പല്ല് തേച്ചാലും അന്നപാനീയങ്ങൾ വർജിക്കുന്നതിനാൽ വായക്ക് സാധാരണയില്ലാത്ത ദുർഗന്ധമുണ്ടാകും. അല്ലാഹുവിന്റെ പ്രീതി ആഗ്രഹിച്ചുകൊണ്ടുള്ള ആരാധന ചെയ്യുന്നതുകൊണ്ടുള്ള ആ ഗന്ധം അല്ലാഹു വെറുക്കുന്നില്ല എന്നതല്ലാതെ, മനഃപൂർവം ദുർഗന്ധമുണ്ടാക്കാനുള്ള നിർദേശമൊന്നും ഈ ഹദീഥ് പഠിപ്പിക്കുന്നില്ല.

നബീൽ പയ്യോളി
nabeelpayyoly@gmail.com

ലേഖനം



# പ്രതിസന്ധിയിൽ ഉലയുന്ന പ്രവാസികൾ

**ഈ** നൂറ്റാണ്ടിലെ ഏറ്റവും വലിയ മഹാമാരി ലോകത്തെ ആകെ മാറ്റിമറിച്ചിരിക്കുന്നു. ലോകം കൊറോണയുടെ മുമ്പും ശേഷവും എന്ന് ചരിത്രം രേഖപ്പെടുത്താം. അത്രവലിയ പ്രതിസന്ധിയാണ് ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. പുരോഗതിയുടെ എല്ലാ അളവുകോലുകളും പരിഗണിച്ചാലും ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന അമേരിക്കയിലും യൂറോപ്യൻ രാജ്യങ്ങളിലുമാണ് കോവിഡ് മരണങ്ങൾ ഏറ്റവും കൂടുതൽ! കോവിഡ് ഭീഷണിയെ അവഗണിച്ചതോ ഭരണകൂടനിസ്സംഗതയോ ആവാം പതിനായിരങ്ങളുടെ ജീവൻ കവരാവുന്ന വിധം ഭീതിതമായ സാഹചര്യത്തിലേക്ക് കാര്യങ്ങൾ എത്തിച്ചത്. ജനങ്ങളുടെ പ്രശ്നങ്ങളെക്കാൾ രാജ്യസുരക്ഷയും അതിർത്തികൾ വികസിപ്പിക്കലും യുദ്ധക്കൊതിയും ആണ് ഭരണകൂടങ്ങൾക്ക് പ്രധാനം എന്നുകൂടി ചേർത്ത് വായിക്കേണ്ടിവരും ഈ ദുരവസ്ഥയുടെ കാരണങ്ങൾക്ക് മറുപടി ലഭിക്കണമെങ്കിൽ.

ചൈനയിൽ നിന്ന് തുടങ്ങിയ വൈറസ് വ്യാപനം ലോകത്തെ ഏതാണ്ട് എല്ലാ രാജ്യങ്ങളിലും എത്തിക്കഴിഞ്ഞു. ചൈന വിവരങ്ങൾ മറച്ചുവച്ചു എന്ന ആരോപണം ശക്തമാണ്. അമേരിക്കയും യൂറോപ്പും വേണ്ടത്ര ജാഗ്രത പുലർത്തിയില്ലെന്ന ആക്ഷേപവും ഉയർന്നുകേൾക്കുന്നു. ലോകാരോഗ്യ സംഘടന അടക്കം മനുഷ്യജീവനുകൾക്ക് വിലകൽപിക്കേണ്ടവർ കുറ്റകരമായ അനാസ്ഥ കാണിച്ചോ എന്ന സംശയത്തിലേക്കാണ് വിവാദങ്ങൾ ചെന്നെത്തി നിൽക്കുന്നത്. തങ്ങളെ വിശ്വസിച്ച്, അല്ലെങ്കിൽ തങ്ങളിൽ പ്രതീക്ഷയർപ്പിച്ച് ജീവിക്കുന്ന ജനതയോട് ഭരണകൂടത്തിനും ഉന്നതസ്ഥാനീയർക്കും ഉണ്ടാവേണ്ട ബാധ്യതയും ഉത്തരവാദിത്ത ബോധവും അത്രമേൽ പരിഗണിക്കപ്പെട്ടിട്ടില്ലെന്ന് കൊറോണ കാലം നമ്മോട് വിളിച്ചു പറയുന്നുണ്ട്. ദിവസവും നൂറുകണക്കിന് ചേതനയറ്റ മനുഷ്യശരീരങ്ങൾ സമ്മാനിക്കുന്ന ഈ മഹാമാരിയെ ഫലപ്രദമായി നേരിടുന്നതിന് പകരം വിവാദങ്ങൾക്ക് തിരികൊളുത്താനും സ്വാർഥ താൽപര്യങ്ങൾ സംരക്ഷിക്കാനുമാണ് ലോകനേതാക്കളിൽ പലരും ശ്രമിക്കുന്നതെന്ന് ആരെങ്കിലും ആക്ഷേപിച്ചാൽ അവരെ കുറ്റപ്പെടുത്താൻ സാധ്യമല്ല.

കൊറോണ ബാധിച്ച് ഇതിനകം നിരവധി ഇന്ത്യക്കാരാണ് വിദേശ രാജ്യങ്ങളിൽ മരണമടഞ്ഞത്. 1.64 കോടി ഇന്ത്യക്കാരാണ് പ്രവാസജീവിതം നയിക്കുന്നത് എന്നാണ് കേന്ദ്ര സർക്കാരിന്റെ കണക്കുകൾ സൂചിപ്പിക്കുന്നത്. 2017 ലെ കേരള സർക്കാരിന്റെ സാമ്പത്തിക അവലോകന റിപ്പോർട്ട് പ്രകാരം ഏറ്റവും കൂടുതൽ വിദേശ മലയാളികൾ ജോലിയിലേർപ്പെട്ടിരിക്കുന്നതായി രേഖപ്പെടുത്തിയിട്ടുള്ളത് യു.എ.ഇയിലാണ്; 37.5 ശതമാനം. 21.8 ശതമാനം രേഖപ്പെടുത്തിയ സൗദി അറേബ്യയാണ് രണ്ടാം സ്ഥാനത്ത്. ഇന്ന് പ്രവാസികളിൽ ഏകദേശം 89 ശതമാനവും ഗൾഫ് രാജ്യങ്ങളിലാണ് ജീവിക്കുന്നത്. ജില്ല തിരിച്ചുള്ള കണക്കനുസരിച്ച് ഇന്ത്യയ്ക്ക് പുറത്ത് താമസിച്ചിട്ടുള്ള വിദേശ മലയാളികളുടെ എണ്ണത്തിൽ മലപ്പുറത്തിനാണ് ഒന്നാം സ്ഥാനം (7.56 ലക്ഷം). രണ്ടാം സ്ഥാനത്ത് തിരുവനന്തപുരവും (4.61 ലക്ഷം), മൂന്നാം സ്ഥാനത്ത് കണ്ണൂരും (4 ലക്ഷം) ആണുള്ളത്. നോർക്കയുടെ ഏറ്റവും പുതിയ കണക്ക് പ്രകാരം 40 ലക്ഷം മലയാളികൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ജീവിക്കുന്നുണ്ട്.

പ്രവാസം എന്നത് പ്രയാസങ്ങളുടെ പറുദീസായാണ്. ജനിച്ച നാടും വളർന്ന മണ്ണും വിട്ട് അന്നം തേടി ലോകത്തിന്റെ വിവിധ കോണുകളിൽ കഴിയുന്നവരാണ് അവർ. എത്രയെത്ര സൗകര്യങ്ങൾ ഉണ്ടായാലും ഒരു അന്യതാ ബോധം എന്നും പ്രവാസിയെ അലട്ടിക്കൊണ്ടിരിക്കും. സ്വന്തം നാട്ടിൽ സ്വന്തം വീട്ടിൽ ഇരിക്കുമ്പോൾ ലഭിക്കുന്ന ആശ്വാസവും മാനസിക സംതൃപ്തിയും ഒരിക്കലും അന്യരാജ്യത്തെ ആഡംബര ഹോട്ടലിൽ പോലും ലഭിക്കുകയില്ലെങ്കിൽ ഒരു സാധാരണ പ്രവാസിയുടെ കാര്യം പറയേണ്ടതില്ലല്ലോ.

മലയാളികളുടെ സാന്നിധ്യം ഇല്ലാത്ത ഇടം ലോകത്തില്ലെന്ന് പറഞ്ഞാൽ അതൊരു അതിശയോക്തി അല്ല. അത്രമേൽ പ്രവാസത്തെ വാരിപ്പുണർന്നവരാണ് മലയാളികൾ. മനുഷ്യരുള്ളിടത്തെല്ലാം മലയാളിയുണ്ട് എന്ന് പറയുന്നത് അധികപ്പറ്റാവില്ല. 1960കളിലാണ് മലയാളിയുടെ പ്രവാസം ആരംഭിക്കുന്നത്. എണ്ണ വിപ്ലവം തുറന്ന തൊഴിൽ സാധ്യതകൾ തേടിയാണ് മണലാരണ്യം ലക്ഷ്യമാക്കി മലയാളികൾ പറന്നത്.

2018ൽ ലോക ബാങ്ക് പ്രസിദ്ധീകരിച്ച കണക്കനുസരിച്ച് പ്രവാസികൾ അവരുടെ രാജ്യത്തേക്ക് പണം അയക്കുന്നതിൽ ഒന്നാം സ്ഥാനം ഇന്ത്യയ്ക്കാണ്; 68.96 ബില്യൻ ഡോളർ അഥവാ 4.48 ലക്ഷം കോടി രൂപയാണ് പ്രവാസികൾ ഇന്ത്യയിലേക്ക് 2018ൽ അയച്ചത്. 63.86 ബില്യൻ ഡോളറുമായി ചൈനയാണ് രണ്ടാമത്. കേരളത്തിലേക്ക് പ്രതിവർഷം 60 കോടിയിലധികം രൂപയാണ് പ്രവാസികൾ അയക്കുന്നത്. നമ്മുടെ സമ്പദ്‌വ്യവസ്ഥയുടെ അവിഭാജ്യ ഘടകമാണ് പ്രവാസികൾ എന്നാണ് ഈ കണക്കുകൾ ബോധ്യപ്പെടുത്തുന്നത്.

മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ തേടി പോയവർ എന്നും അന്നം തേടി പോയവർ എന്നും പ്രവാസികളെ രണ്ടായി തിരിക്കാം. ലോകത്തെ ഒട്ടുമിക്ക രാജ്യങ്ങളിലും വരുമാന നികുതി നിലവിലുണ്ട്. നിർബന്ധിത ഇൻഷുറൻസുകളും മറ്റും വേറെയും. അതുകൊണ്ട് തന്നെ തങ്ങളുടെ ശമ്പളത്തിന്റെ ഒരു ഭാഗം കഴിച്ചു ബാക്കിയുള്ളത് മാത്രമെ അത്തരം രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർക്ക് ലഭിക്കുകയുള്ളൂ. അമേരിക്കൻ, യൂറോപ്യൻ രാജ്യങ്ങളിൽ ഭൂരിപക്ഷം പ്രവാസികളും കുടുംബസമേതം ആണ് താമസിക്കുന്നത്. ജീവിത ചെലവുകൾ ഈ രാജ്യങ്ങളിൽ താരതമ്യേന കൂടുതലാണ്. മക്കളുടെ പഠനം, വീട്, വാഹനം, ചികിത്സ തുടങ്ങിയ കാര്യങ്ങൾക്ക് വരുമാനത്തിന്റെ വലിയ പങ്കുതന്നെ നീക്കി വെക്കേണ്ടതിനാൽ അവർ നാട്ടിലേക്ക് പണം അയക്കുന്നത് വളരെ കുറവാണ്.



ഗിക്കുന്നത് കേരളത്തിൽ ആണ് എന്നർഥം. അതുകൊണ്ടാണ് മറ്റു രാജ്യങ്ങളിൽ നിന്ന് വ്യത്യസ്തമായി ഗൾഫ് മലയാളികൾക്ക് നാടുമായി വൈകാരിക ബന്ധം കൂടുതലുള്ളത്. അതിനപ്പുറം അവരുടെ വിയർപ്പും ചോരയുമാണ് നമ്മുടെ നാടിന്റെ എല്ലാ നന്മകളും. ഗൾഫ് പണമാണ് കേരളത്തിൽ ഉണ്ടായ വികസനങ്ങളുടെ നട്ടെല്ല് എന്ന് നമുക്ക് തീർച്ചയായും പറയാൻ സാധിക്കും.

എന്നാൽ മിഡിലീസ്റ്റിൽ ഉള്ള പ്രവാസികളുടെ കാര്യം തികച്ചും വ്യത്യസ്തമാണ്. അവർ ഭൂരിപക്ഷവും അന്നം തേടി പോയവർ തന്നെയാണ് എന്ന് നമുക്ക് പറയാൻ സാധിക്കും. മറ്റു രാജ്യങ്ങളിലും അങ്ങനെയുളവർ ഉണ്ടാവാം. എന്നാൽ അത് തുലോം തുച്ഛമാണ്. ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്ന മലയാളികൾ ഭൂരിപക്ഷവും ഒറ്റക്ക് താമസിക്കുന്നവരാണ്. നാടും കുടുംബവും വിട്ട് ജീവിതവിഭവങ്ങൾ തേടി വന്നവർ എന്നാണ് അവരെ നമുക്ക് വിശേഷിപ്പിക്കാനാവുക. കാസർകോട് മുതൽ തിരുവനന്തപുരം വരെയുള്ള പ്രദേശങ്ങളിൽ നിന്ന് ഗൾഫ് മേഖലയിൽ ഉള്ള പ്രവാസികളെ എടുത്ത് പരിശോധിച്ചാൽ ബഹുഭൂരിപക്ഷം എങ്ങനെയുളവരാണ് എന്ന് വ്യക്തമാകും. അഞ്ചോ പത്തോ ആളുകൾ ഒരു റൂമിൽ താമസിക്കുന്ന രീതിയാണ് പൊതുവിൽ കാണുക. ലേബർ ക്യാമ്പുകളിൽ ആണെങ്കിൽ നൂറുകണക്കിന് ആളുകൾ തകര ഷീറ്റ് മേഞ്ഞ റൂമുകൾ ഉള്ള ഒരു കോമ്പൗണ്ടിൽ തമാസിക്കുന്നവരാണ്. യു.എ.ഇ പോലുള്ള ജീവിത ച്ചെലവേറിയ രാജ്യങ്ങളിൽ ഒറ്റക്കുള്ള പ്രവാസ ജീവിതം വലിയ പ്രയാസം തന്നെയാണ്.

മറ്റൊരു പ്രധാന കാര്യം, മിഡിലീസ്റ്റിൽ വരുമാന നികുതി ഇല്ല എന്നുള്ളത് തന്നെയാണ്. ഓരോ തൊഴിലാളിക്കും തങ്ങളുടെ ശമ്പളം അല്ലെങ്കിൽ കൂലി പൂർണമായും തന്നെ ലഭിക്കും. ആ മാസത്തെ ഭക്ഷണത്തിനും അത്യാവശ്യ ചെലവുകൾക്കും ഉള്ള പണം എടുത്ത് ബാക്കി മുഴുവൻ നാട്ടിലേക്ക് അയക്കുന്നവരാണ് ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്ന ഭൂരിഭാഗം പ്രവാസികളും. ഓരോ മലയാളി പ്രവാസിയും തന്റെ വരുമാനത്തിന്റെ ഏകദേശം 75 ശതമാനവും വിനിയോ

കൊറോണ തീർത്ത പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ഏറെ ക്രൂശിക്കപ്പെട്ടവരാണ് പ്രവാസികൾ. അവരാണ് നാട്ടിലേക്ക് കൊറോണ കൊണ്ടുവന്നത് എന്ന രീതിയിലാണ് തുടക്കത്തിൽ പ്രചാരണങ്ങൾ ഉണ്ടായത്. അത് പ്രവാസികളെ വല്ലാതെ വേദനിപ്പിക്കുകയും ചെയ്തു. വൈകിയെങ്കിലും ആ പ്രചാരണം അവസാനിപ്പിക്കാനും യാഥാർഥ്യം തിരിച്ചറിയാനും മലയാളികൾക്ക് സാധിച്ചു എന്നതിൽ സന്തോഷിക്കാം.

മുമ്പൊരിക്കൽ യു.എ.ഇ സന്ദർശനം നടത്തിയപ്പോൾ കണ്ട കാഴ്ചകൾ മനസ്സിൽ മായാതെ കിടക്കുന്നു. വിവാഹം കഴിഞ്ഞ് ഏതാനും മാസങ്ങൾ മാത്രം ആയ ഒരു ചെറുപ്പക്കാരനെ സന്ദർശിക്കാൻ പോയി. അദ്ദേഹത്തിന്റെ താമസസ്ഥലത്ത് എത്തിയപ്പോൾ കലശലായ മൂത്രശങ്ക. റൂമിലേക്ക് വരാം എന്ന് പറഞ്ഞപ്പോൾ വേണ്ട ഞങ്ങൾ താഴേക്ക് ഇറങ്ങി വരാം എന്ന് അവൻ പറയുന്നുണ്ടായിരുന്നു. എന്നാലും ഞങ്ങൾ അങ്ങോട്ട് പോയി. അഞ്ചാം നിലയിൽ ലിഫ്റ്റ് ഇറങ്ങി; അവൻ അകത്തേക്ക് ക്ഷണിച്ചു. ഒറ്റമുറി, ഒരു ടോയ്‌ലറ്റ്. ആ മുറിയുടെ സൈഡിലായി പാചകം ചെയ്യാൻ ഒരിടം. റുമിന്റെ ഒരുഭാഗത്ത് ഒരു കട്ടിൽ പിന്നെ അവരുടെ സാധനങ്ങൾ. അങ്ങനെ നിന്ന് തിരിയാൻ ഇടമില്ലാത്ത



ഒറ്റമുറിയാണ് അവരുടെ വാസസ്ഥലം. അൽപം ഭേദപ്പെട്ട അവസ്ഥയിലുള്ള ഒരു എഞ്ചിനീയറുടെ ഫ്ളാറ്റിൽ പോയപ്പോൾ കണ്ടത് ഒരു കിടപ്പ് മുറി, പിന്നെ ഒരു ഹാൾ, കിച്ചൻ, ബാത്ത്റൂം... ഇതാണ് കുടുബസമേതം താമസിക്കുന്ന മിക്ക പ്രവാസികളുടെയും സൗകര്യങ്ങൾ. ബാച്ചിലേഴ്സ് ഒരുമിച്ച് താമസിക്കുന്ന ഇടങ്ങളിലാണെങ്കിൽ ഒരു ചെറിയ റൂമിൽ രണ്ട് തട്ടുള്ള നാലോ അഞ്ചോ കട്ടിലുകൾ. ഇവയ്ക്കിടയിൽ ഒരു ചെറിയ സ്ഥലം മാത്രമെ ആ റൂമുകളിൽ കാലിയായി കാണുകയുള്ളൂ. മിക്കവാറും ഒരു ബാത്ത്റൂം മാത്രം. ഭക്ഷണം പാചകം ചെയ്യാൻ ചെറിയ ഒരു ഇടം. എല്ലാറ്റിനും ഊഴം കാത്ത് നിൽക്കണം. നിശ്ചയിച്ച സമയത്തിനുള്ളിൽ കാര്യങ്ങൾ ചെയ്ത് തീർത്തില്ലെങ്കിൽ എല്ലാവർക്കും പ്രയാസം! പലർക്കും പല പ്രവൃത്തി സമയം ആയിരിക്കും. റൂമിൽ ഉറങ്ങുന്നവരെ ശല്യപ്പെടുത്താതെ കാര്യങ്ങൾ ചെയ്യണം. റൂമിന് അത്യാവശ്യം നല്ല വാടകയുണ്ടാകും. വൈദ്യുതി, വെള്ളം എന്നിവയ്ക്ക് പണം വേറെയും വേണം. അങ്ങനെ വരിഞ്ഞു മുറുകിയ നിരവധി പ്രതിബന്ധങ്ങൾക്കുള്ളിൽ നിന്നുകൊണ്ടാണ് ഓരോ പ്രവാസിയും തങ്ങളുടെ ജീവിതം മുന്നോട്ട് നയിക്കുന്നത്. ജീവിതത്തിൽ ഏറ്റവും കൂടുതൽ കാലം അവർ താമസിക്കുന്നത് ഈ ഇടുങ്ങിയ ഇടങ്ങളിൽ ആണല്ലോ എന്നോർക്കുമ്പോൾ വേദനതോന്നും.

ഈ പശ്ചാത്തലത്തിലാണ് ഗൾഫ് പ്രവാസികൾ കോവിഡ് കാലത്ത് അനുഭവിക്കുന്ന പ്രതിസന്ധികളെ നാം കാണേണ്ടത്. ലക്ഷക്കണക്കിന് മലയാളികൾ തിങ്ങിത്താമസിക്കുന്ന യു.എ. ഇയിൽ ഉള്ളവരാണ് ഏറ്റവും പ്രയാസപ്പെടുന്നത്. അവിടുത്തെ ഭരണകൂടങ്ങൾ സ്വദേശി, വിദേശി വ്യത്യാസമില്ലാതെ മുഴുവൻ ആളുകൾക്കും ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിൽ ജാഗ്രത കാണിക്കുന്നുണ്ട്. മലയാളികൾ അടക്കമുള്ള സാമൂഹിക പ്രവർത്തകരുടെയും സന്നദ്ധ സേവകരുടെയും സേവനങ്ങൾ ഈ രംഗത്ത് ഉപയോഗപ്പെടുത്താൻ അവർ ഒട്ടും മടി കാണിച്ചില്ല എന്നത് തന്നെ പ്രവാസികൾക്ക് ഗൾഫ് രാജ്യങ്ങളിൽ ഉള്ള പരിഗണയുടെ നേർചിത്രമാണ്. എങ്കിലും ഒരു രാജ്യത്തിന്റെ സംവിധാനങ്ങളിൽ ഉണ്ടാകുന്ന പരിമിതികൾ നാം കണ്ടില്ലെന്ന് നടിക്കരുത്. അവിടെ ഇന്ത്യാരാജ്യത്തിന്റെ എംബസി അടക്കം ഉള്ള സംവിധാനങ്ങൾ വഴി തങ്ങളുടെ പൗരന്മാർക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കേണ്ടത് ഭരണകൂടത്തിന്റെ ബാധ്യതയാണ്. ചികിത്സ, ഭക്ഷണം, ഐസൊലേഷൻ, ക്വാറന്റൈൻ തുടങ്ങിയ സൗകര്യങ്ങൾക്ക് തങ്ങളുടെ ഭാഗത്ത് നിന്നുള്ള ഇടപെടലാണ് തുടക്കത്തിൽ പ്രവാസലോകം രാജ്യത്തോട് അഭ്യർഥിച്ചത്. ഒരു പരിധി വരെ അതിനുള്ള ഇടപെടൽ ഉണ്ടായിട്ടുണ്ട്. നടേ സൂചിപ്പിച്ച സാഹചര്യത്തിൽ ജീവിക്കുന്നവർക്ക് താമസ സ്ഥലങ്ങളിൽ ക്വാറന്റൈൻ അപ്രായോഗികമാണ്. പോസിറ്റീവ് കേസുകൾ ഐസൊലേറ്റ് ചെയ്യാനും പ്രത്യേകം സ്ഥലങ്ങൾ തയ്യാറാക്കുക മാത്രമാണ് പരിഹാരം. അത് ഒരു പരിധി വരെ കൂട്ടായ പരിശ്രമങ്ങൾ കൊണ്ട് സാധ്യമായിട്ടും ഉണ്ട്. മാസങ്ങൾ നീണ്ട് നിൽക്കാവുന്ന പ്രതിസന്ധി എന്ന നിലയിൽ ഈ നടപടികൾ അപര്യാപ്തമാണ് താനും

ഇന്ന് ബാക്കി നിൽക്കുന്ന ആവശ്യം പ്രവാസികളെ നാട്ടിലേക്ക് തിരിച്ചു കൊണ്ടുവരിക എന്നുള്ളതാണ്. യു.എ. ഇയിൽനിന്നും വിവിധ രാജ്യങ്ങൾ തങ്ങളുടെ പൗരന്മാരെ തിരികെ കൊണ്ടുപോയിത്തുടങ്ങി. ഇന്ത്യൻ പൗരന്മാർ ഇനിയും കാത്തിരിക്കേണ്ടി വരും എന്നാണ് കേന്ദ്രസർക്കാർ നൽകുന്ന സൂചന. അത് ഇനിയും വൈകിപ്പിക്കുന്നത് ഗുരുതരമായ പ്രതിസന്ധികളിലേക്ക് നയിക്കും. കുവൈത്ത്, ഖത്തർ, ഒമാൻ,

ബഹ്‌റൈൻ, സൗദി അറേബ്യ തുടങ്ങിയ രാജ്യങ്ങളിൽ മലയാളി സമൂഹം പ്രതിസന്ധിയിൽ തന്നെയാണ്. വിദേശ രാജ്യങ്ങളിൽ ഉള്ള ഗൾഫ് പൗരന്മാരെ അതത് രാജ്യങ്ങൾ ചാർട്ടേഡ് ഫ്‌ളൈറ്റിൽ തിരിച്ചെത്തിച്ചു കഴിഞ്ഞു എന്നത് കൂടി മനസ്സിലാക്കുമ്പോൾ ആണ് ഓരോ രാജ്യവും തങ്ങളുടെ പൗരന്മാരുടെ കാര്യത്തിൽ എടുക്കുന്ന സമീപനങ്ങൾ ബോധ്യമാവുക.

ആരെ തിരികെ കൊണ്ട് വരണം എന്നതാണ് പ്രസക്തമായ ചോദ്യം. മുഴുവൻ പ്രവാസി മലയാളികളെയും കേരളത്തിലേക്ക് തിരിച്ചു കൊണ്ടുവരണം എന്നല്ല ആവശ്യപ്പെടുന്നത്. മറിച്ച്, അവിടങ്ങളിലുള്ള സന്ദർശക വിസയിൽ ഉള്ളവർ, ജോലി നഷ്ടപ്പെട്ടവർ, ഗർഭിണികൾ, വൃദ്ധന്മാർ, കുട്ടികൾ ഉറ്റവർ മരണപ്പെട്ട് ഒറ്റപ്പെട്ടുപോയ ആശ്രിതർ, കമ്പനികൾ വേതന രഹിത നിർബന്ധിത അവധിയിൽ പ്രവേശിപ്പിച്ചവർ, ജോലിയിൽ നിന്നും പിരിച്ചു വിടപ്പെട്ടവർ, ജയിൽ ശിക്ഷയിൽ ഇളവ് ലഭിച്ച് മോചിതരായവർ... എന്നിവരെയും; അതോടൊപ്പം, താമസരേഖകൾ ഇല്ലാതെ അനധികൃതമായി താമസിക്കുന്നവർക്ക് പൊതുമാപ്പ് പ്രഖ്യാപിച്ചിട്ടുണ്ട്. അവർക്ക് നിയമ നടപടികൾ നേരിടാതെ നാട്ടിലേക്ക് പോകാം. അവരെയുമാണ് ഘട്ടം ഘട്ടമായി കേരളത്തിലേക്ക് കൊണ്ടുവരേണ്ടത് എന്നാണ് പ്രവാസി സമൂഹം ആവശ്യപ്പെടുന്നത്. നടേ സൂചിപ്പിച്ചത് പോലെ മിക്ക പ്രവാസികളും തങ്ങളുടെ വരുമാനത്തിന്റെ വലിയ പങ്കും ഓരോ മാസവും നാട്ടിലേക്ക് അയക്കുന്നവരാണ്. പൊടുന്നനെ ലോക്ഡൗൺ വന്നതിനാൽ പലർക്കും വരുമാന മാർഗം നിലച്ചു. അവശ്യ സർവീസുകൾ ഒഴികെ മറ്റെല്ലാ സ്ഥാപനങ്ങളും എല്ലായിടത്തും രണ്ട് മാസത്തോളം ആയി അടഞ്ഞു കിടക്കുകയാണ്. പല കമ്പനികളും തങ്ങളുടെ തൊഴിലാളികളെ വേതന രഹിത അവധിയിൽ പ്രവേശിപ്പിച്ചു. ചെറുകിട സംരംഭങ്ങൾ ശമ്പളം കൊടുക്കാനില്ലാതെ പ്രതിസന്ധിയുടെ മുന്നിലാണ്. അതുകൊണ്ട് തന്നെ തങ്ങളുടെ നിത്യച്ചെലവിനും വാടക, കറന്റ്, വെള്ളം തുടങ്ങിയ അത്യാവശ്യ കാര്യങ്ങൾക്ക് പോലും പണമില്ലാതെ പലരും പ്രയാസപ്പെടുന്നുണ്ട്. പട്ടിണിയുടെ വക്കിലാണവർ. ഓരോ രാജ്യത്തും ഭരണകൂടം സൗജന്യഭക്ഷണം അടക്കമുള്ള സഹായങ്ങൾ എത്തിക്കുന്നുവെങ്കിലും അനിശ്ചിത കാലത്തേക്ക് നീണ്ടേക്കാവുന്ന ഈ പ്രതിസന്ധിയിൽ അത് എത്രനാൾ എന്നത് ഒരു വലിയ ചോദ്യമാണ്. സന്ദർശക വിസയിൽ വന്ന പ്രായമായ ആളുകൾക്ക് ചികിത്സയും മറ്റും സൗജന്യമല്ല. മരുന്നുകൾ പലതും ഇന്ത്യയിൽ ലഭിക്കുന്നതിനെക്കാൻ വിലയാണ് ഇവിടങ്ങളിൽ ഇത് മക്കളെ വലിയ പ്രയാസത്തിലാക്കുന്നു. ഒന്നോ രണ്ടോ മാസം മക്കളുടെ അടുത്ത് പോയി നിൽക്കാം എന്ന് കൊതിച്ചു വന്നവർ പെട്ടുപോയി ഈ പ്രതിസന്ധിയിൽ. നിത്യരോഗികൾ അടക്കം അനുഭവിക്കുന്ന പ്രയാസങ്ങൾ വളരെ വലുതാണ്. പ്രസവ സമയം അടുക്കുമ്പോൾ നാട്ടിൽ പോകാം എന്ന് കണക്ക് കൂട്ടിയ ഗർഭിണികളുടെ കുടുംബം പ്രസവശുശ്രൂഷകൾക്ക് വൻതുക കണ്ടെത്താൻ കഴിയാതെ പ്രയാസപ്പെടുന്നു. ഇങ്ങനെ പ്രതിസന്ധികൾ വരിഞ്ഞു മുറുക്കിയ പ്രവാസികൾ പലരും വലിയ മാനസിക സംഘർഷങ്ങൾ അനുഭവിക്കുന്നു.

ഇവരെയെല്ലാം കോവിഡ് പരിശോധന നടത്തി പോസിറ്റീവ് അല്ലാത്തവരെ വൈകാതെ നാട്ടിലേക്ക് കൊണ്ടുപോകാനും അവിടെ ക്വാറന്റൈൻ, ഐസൊലേഷൻ സെന്ററുകൾ ഒരുക്കാനുമാണ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ ശ്രദ്ധിക്കേണ്ടത്. ഇന്ത്യയിലേക്ക് സർവീസ് നടത്താൻ ഗൾഫിലെ വിമാന കമ്പനികൾ സന്നദ്ധത അറിയിച്ചിട്ട്



ആഴ്ചകൾ ആയി, ഓരോ രാജ്യത്തും നാട്ടിലേക്ക് മാറ്റങ്ങൾ ഉദ്ദേശിക്കുന്നവരുടെ രജിസ്ട്രേഷനും പട്ടിക തയ്യാറാക്കലും നടക്കുന്നുണ്ട്. ഇന്ത്യാ ഗവണ്മെന്റിന്റെ അനുകൂലമായ നടപടികൾ ആണ് എല്ലാവരും കാത്ത് നിൽക്കുന്നത്. അതിന് മുൻകൈ എടുക്കാൻ ധാർമ്മിക ഉത്തരവാദിത്തം കേരളത്തിലെ ഭരണകൂടത്തിനും പൊതു സമൂഹത്തിനും ഉണ്ട്. ഏറ്റവും കൂടുതൽ പ്രവാസികൾ ഉള്ള കേരളം മുന്നിൽ നിന്ന് പ്രവാസികളെ തിരിച്ചുകൊണ്ട് വരാൻ ആവശ്യമായ നടപടികൾ എടുക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തണം ആവശ്യമെങ്കിൽ നിയമപരമായ പോരാട്ടങ്ങളും നടത്തേണ്ടതുണ്ട്. ഒരു വലിയ സമൂഹത്തിന്റെ പ്രതിസന്ധികൾക്ക് നേരെ മുഖം തിരിഞ്ഞു നിൽക്കുന്ന സമീപനം അംഗീകരിക്കാൻ സാധ്യമല്ല. കേരളത്തിൽ കോവിഡ് വ്യാപനം തടയാൻ സാധിച്ചു രണ്ട് മരണങ്ങൾ മാത്രമാണ് എന്നതിൽ ആശ്വസിച്ചിരിക്കാൻ നമുക്കെങ്ങനെ സാധിക്കും. കേരളത്തിൻറെ പരിഛേദമായ പ്രവാസലോകത്ത് കോവിഡ് ബാധിച്ചവരുടെ കണക്കുകൾ കൂടി നമ്മെ അലോസരപ്പെടുത്തണം. മരണപ്പെട്ട മലയാളികൾ നമ്മുടെ കൂടെപ്പിറപ്പുകളും സഹോദരങ്ങളും ആണ്. മറ്റുള്ളവരെ രക്ഷിക്കാൻ നമ്മുടെ ബാധ്യതയാണ് എന്ന തിരിച്ചറിവാണ് ഇത്തരുണത്തിൽ ആവശ്യം

ഏപ്രിൽ മാസം മിക്ക കമ്പനികളും ശമ്പളം നൽകാൻ സാധിക്കാത്ത വിധം പ്രതിസന്ധിയിലാണ്. അതുകൊണ്ട് തന്നെ നിത്യച്ചെലവിനുള്ള പണം പല പ്രവാസികൾക്കും ഉണ്ടാവില്ല. പട്ടിണി കിടക്കേണ്ടി വരുമോ എന്ന ഭയമാണ് പലരും പങ്കുവയ്ക്കുന്നത്. നടപടികൾ വൈകുന്തോറും പ്രതിസന്ധികൾ രൂക്ഷമാകാൻ ആണ് സാധ്യത. നാടിൻറെ ഏതൊരു നന്മയിലും പ്രവാസിയുടെ വിയർപ്പിന്റെ ഗന്ധം ഉണ്ടെന്നത് യാഥാർഥ്യം തന്നെയാണ്. ഇക്കഴിഞ്ഞ പ്രളയകാലത്തും വലിയതുക പ്രവാസികൾ കേരളത്തിലേക്ക് അയച്ചിട്ടുണ്ട്. ഇന്നവർ പട്ടിണിയുടെ പടിവാതിൽക്കൽ നിൽക്കുമ്പോൾ നമ്മൾ കൈമലർത്തരുത്. അവർക്ക് വേണ്ട സഹായങ്ങൾ പരമാവധി ചെയ്തു കൊടുക്കണം. വിവിധ രാജ്യങ്ങളിൽ എംബസി സേവനങ്ങൾക്ക് ഈടാക്കുന്ന തുക വയലാർ രവി പ്രവാസി കാര്യ മന്ത്രിയായിരുന്ന കാലത്ത് കമ്യൂണിറ്റി വെൽഫെയർ ഫണ്ടായി എംബസികളിൽ ഉണ്ട്. അത് ഉപയോഗപ്പെടുത്തി ആംബുലൻസ്, ക്വാറന്റൈൻ, ഐസൊലേഷൻ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കാനും ഭക്ഷണം, ചികിത്സ തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ നിർവഹിക്കാനുള്ള പദ്ധതികൾ നടപ്പിലാക്കാനും അംബാസിഡർമാർ തയ്യാറാവണം. കേരളസർക്കാരിന്റെയും നോർക്കയുടെയും പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കേണ്ടതുണ്ട്. അതിനാവശ്യമായ ശക്തമായ ഇടപെടൽ കേരളത്തിലെ മത, സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക സംഘടനകൾ നടത്തണം. കേരളത്തിലെ എല്ലാ സംഘടനകൾക്കും പ്രവാസി ഘടകങ്ങൾ ഉണ്ട്. അവർ വഴി കഴിയാവുന്ന സഹായങ്ങൾ എത്തിക്കാൻ അതത് സംഘടനകൾക്ക് കഴിയേണ്ടതുണ്ട്. വരുംദിനങ്ങളിലാണ് കൂടുതൽ സഹായങ്ങൾ ആവശ്യമായി വരിക എന്നത് പ്രത്യേകം ശ്രദ്ധിക്കണം.

നീണ്ട വർഷങ്ങൾ തങ്ങളുടെ നാടിനും കുടുംബത്തിനും വേണ്ടി അന്യരാജ്യങ്ങളിൽ വിയർപ്പൊഴുക്കിയവരാണ് പ്രവാസികൾ. അവർ കൊറോണ തീർത്ത പ്രതിസന്ധിയിൽ ആടിയുലയുമ്പോൾ ആശ്വാസമേകേണ്ടത് ഓരോ മലയാളിയുടെയും കടമയാണ്. നിരവധി ആളുകൾക്ക് ജോലി നഷ്ടപ്പെട്ടേക്കാം. മറ്റുചിലർ ദീർഘ നാളത്തെ നിർബന്ധിത അവധിയിലാണ്. അവർ വെറും കയ്യോടെയാണ് നാട്ടിലേക്ക് മടങ്ങുന്നത്. പുനരധിവാസ പദ്ധതികൾ നടപ്പിലാക്കാൻ പ്രാദേശിക ഭരണകൂടം മുതൽ സംസ്ഥാന സർക്കാർ വരെ അടിയന്തര ഇടപെടൽ നടത്തണം. പ്രവാസി കുടുംബങ്ങൾക്ക് അടുത്ത 6 മാസത്തേക്ക് എങ്കിലും ധനസഹായം നൽകണം. വായ്പകൾക്ക് മോറട്ടോറിയം, സൗജന്യറേഷൻ, ചികിത്സ, വിദ്യാഭ്യാസം തുടങ്ങിയവ ലഭ്യമാക്കണം.

കൊറോണയ്ക്ക് ശേഷം ലോകത്ത് പട്ടിണി ഇരട്ടിയാവും എന്ന് ഐക്യരാഷ്ട്ര സഭയുടെ ഭക്ഷ്യസുരക്ഷാ വിഭാഗം പറഞ്ഞുകഴിഞ്ഞു. കരുതിജീവിക്കാൻ നാം നമ്മുടെ മനസ്സിനെ പാകപ്പെടുത്തണം;കുടുബത്തെയും. പ്രവാസികളും അല്ലാത്തവരും ഈ രംഗത്ത് ശ്രദ്ധിക്കണം. സാമ്പത്തിക വിനിയോഗം അടക്കമുള്ള മേഖലകളിൽ നാളെ വരാൻ സാധ്യതയുള്ള പ്രതിസന്ധികളെ മുന്നിൽ കണ്ടുകൊണ്ടുള്ള ഇടപെടലാണ് ഉണ്ടാവേണ്ടത്. അത്യാവശ്യം, ആവശ്യം എന്നതിനപ്പുറമുള്ളതെല്ലാം ഒഴിവാക്കുക. ഓരോരുത്തരും ഈ രംഗത്ത് ശ്രദ്ധ പുലർത്താൻ തയ്യറായാൽ ഈ പ്രതിസന്ധിയെ ഒന്നോ രണ്ടോ വർഷങ്ങൾക്കകം നമുക്ക് മറികടക്കാം. പ്രവാസലോകവും നമ്മുടെ നാടും അപ്പോഴേക്കും പഴയ പ്രതാപത്തിലേക്ക് തിരിച്ചുവരും എന്ന് പ്രത്യാശിക്കാം.

ഹിലാൽ സലീം സി പി
hilalsaleemcpkannur@gmail.com

ലേഖനം



# സത്യാനന്തരകാലത്തെ സത്യാന്വേഷണ പരീക്ഷണങ്ങൾ

നുണക്കൂണുകൾക്ക് പഞ്ഞമില്ലാത്ത കാലമാണിത്. ഒരു മാസ്റ്റർബ്രെയ്നും നാല് കമ്പ്യൂട്ടറുകളും സ്വന്തമായുള്ള ഏവർക്കും തങ്ങളുടെ പ്രൊപഗണ്ട സമൂഹത്തിൽ അടിച്ചേൽപിക്കാൻ സാധിക്കും എന്ന സ്ഥിതിയാണുള്ളത്. സത്യവും ധർമവും ചിത്രത്തിൽ നിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. നുണകൾക്ക് വമ്പിച്ച സ്വീകാര്യത ലഭിക്കുകയും സത്യം അവഗണിക്കപ്പെടുകയും ചെയ്യുന്ന ഈ കാലത്തെയാണ് 'സത്യാനന്തരകാലം' (പോസ്റ്റ് ട്രൂത്ത് ഏജ്) എന്ന് വിശേഷിപ്പിക്കുന്നത്. 2016ലെ ഏറ്റവും പ്രസിദ്ധിയാർജിച്ച വാക്യമായി 'പോസ്റ്റ് ട്രൂത്തി'നെ തെരഞ്ഞെടുത്തിരുന്നു. നമ്മുടെ കാലത്തെ നിർവചിക്കുന്ന വാക്യമാണിതെന്ന് ഓക്സ്ഫോർഡ് ഡിക്ഷ്ണറി മേധാവി കാസ്പർ ഗ്രാത്ത്പോൾ പ്രസ്താവിക്കുകയുണ്ടായി.

അനുസ്യൂതമായ കാലക്കുതിപ്പിന്നിടയിൽ സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ മേഖലകളിൽ പരിണാമങ്ങൾ സംഭവിച്ചിട്ടുണ്ട്. 'യുക്തിയുടെയുഗ'മായി പരിചയപ്പെടുത്തുന്ന കാലത്താണ് നാം ജീവിക്കുന്നത്. വൈകാരികതയ്ക്കപ്പുറം വിചാരങ്ങൾക്കും വിചിന്തനങ്ങൾക്കുമാണ് പ്രാധാന്യം എന്ന ആപ്തവാക്യത്തിന്റെ ഉയർച്ച ഒരു പ്രതീക്ഷയാണ്. എന്നാൽ ഈ വസ്തുതകൾ നിലനിൽക്കുമ്പോഴും സത്യാനന്തരധാര നമ്മുടെ സമൂഹത്തിന്റെ കണ്ണാടിയായി മാറുന്നു എന്നത് വിരോധാഭാസമാണ്. വസ്തുതക്കളെക്കാൾ വികാരങ്ങൾക്കും വ്യക്തിപരമായ തന്നിഷ്ടങ്ങൾക്കും പ്രാധാന്യം കൊടുക്കുകയും അതൊരു പൊതുജനാഭിപ്രായമായി രൂപംപ്രാപിക്കുകയും ചെയ്യുകയാണ് ഈ സത്യാനന്തരയുഗത്തിൽ.



ഒരു സ്വേച്ഛാധിപതിയെയും ഫാഷിസ്റ്റ് ഭരണക്രമത്തെയും വാർത്തെടുക്കുന്നതിന് വ്യാജ നിർമിതികളും പ്രചണ്ഡമായ പ്രചാരണപദ്ധതികളും ഏതു വിധത്തിലായിരിക്കണമെന്നതിന്റെ ഉത്തമ ദൃഷ്ടാന്തമാണ് ജർമനിയിലെ ഹിറ്റ്ലറുടെ ഉദയം. ഇതിന്റെ ആസൂത്രകനായിരുന്നത് ഹിറ്റ്ലറുടെ ഉറ്റ അനുയായിയും നാസിപാർട്ടിയുടെ പ്രചാരകനുമായിരുന്ന ജോസഫ് ഗീബൽസാണ്. പ്രൊപഗണ്ടയ്ക്ക് വേണ്ട ഉപാധിക്കളെ തങ്ങളുടെ ഇംഗിതത്തിനനുസരിച്ച് എങ്ങനെ ഉപയോഗിക്കാമെന്ന് ജർമൻ സാഹിത്യത്തിൽ ഡോക്ടറേറ്റ് നേടിയ, സാഹിത്യ നൈപുണ്യവും ഭാഷാചാതുര്യവും ഒത്തിണങ്ങിയ ഡോ. ജോസഫ് ഗീബൽസിന് കൃത്യമായ പ്രവർത്തന പദ്ധതികളുണ്ടായിരുന്നു. ജനങ്ങളെ ഒരു ആശയത്തിലേക്ക് പരിവർത്തിപ്പിച്ചെടുക്കാനും അതിനെ പ്രവർത്തനമാക്കി തീർക്കാനും ഒരുപിടി ആളുകൾ മാത്രം മതി എന്നാണ് ഗീബൽസിന്റെ മതം!

സത്യാനന്തരത്തിന് സമാനമായ മറ്റൊരു പദം സംഭാവന ചെയ്തയാളാണ് ഗീബൽസ്. 'വസ്തുനിഷ്ഠ യാഥാർഥ്യം യുക്തിയുടെയും വാദപ്രതിവാദത്തിന്റെയും അടിസ്ഥാനത്തിൽ സ്ഥാപിച്ചെടുക്കുന്ന സത്യമാണ്. എന്നാൽ കാവ്യസത്യമാകട്ടെ പൊടിപ്പും തൊങ്ങലും വച്ച് അവതരിപ്പിക്കുന്നതാണ്. സത്യമെന്ന് ജനങ്ങളെ തെറ്റുധരിപ്പിക്കുന്ന വിധത്തിൽ നിറംപിടിപ്പിച്ച കഥകളോടെ സൃഷ്ടിക്കുന്ന ഇതിന് വസ്തുതകളുമായി നേരിയ ബന്ധം മാത്രമെ ഉണ്ടാവുകയുള്ളൂ. നുണകൾ കാവ്യാത്മകമായി അവതരിപ്പിച്ച് വിശ്വസനീയമായ സത്യങ്ങളാക്കി മാറ്റുകയെന്നതാണ് കാവ്യസത്യപ്രയോഗരീതി'-സാമൂഹിക നിരീക്ഷകർ വ്യക്തമാക്കുന്നു.

ഒരു കള്ളം നൂറുതവണ ആവർത്തിച്ചാൽ അത് സത്യമാണെന്ന് ജനം ധരിക്കുന്നു. സത്യാന്വേഷണങ്ങൾ പാതിവഴിയിൽ ഉപേക്ഷിക്കപ്പെടുന്നു, അല്ലെങ്കിൽ അതിന് നിർബന്ധിതമാകുന്നു. ആഗോള ആനുകാലിക സംഭവങ്ങൾ നമുക്കീ സത്യാന്വേഷണത്തിൽ ഇഴകീറി പരിശോധിക്കാം. ഏഷ്യൻ വൻകരയിൽ പ്രധാനമായും രണ്ട് തർക്കങ്ങളാണ് നിലവിലുള്ളത്. ഇന്ത്യ-പാക്കിസ്ഥാൻ അതിർത്തിയിലും ഫലസ്തീൻ-ഇസ്റായേൽ അതിർത്തിയിലും. ഇവ രണ്ടിനും വഴിമരുന്നിട്ടത് ബ്രിട്ടീഷ്-സാമ്രാജ്യത്വമാണ്. സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യം വർധിത പ്രക്ഷോഭങ്ങളുടെ പരിണിതിയായി പതിയെ കൊളോണിയൽ തത്ത്വങ്ങളിൽ നിന്നും പിന്മാറിയപ്പോൾ അവരുടെ കുടിലബുദ്ധിയിലുദിച്ച ആശയങ്ങളിലൊന്നായിരുന്നു ഭിന്നിപ്പിച്ച് നശിപ്പിക്കുക എന്നത്. സാമ്രാജ്യത്വത്തിന് ഭീഷണിയായി ഉയർന്നുവരാൻ സാധ്യതയുള്ള രാഷ്ട്രങ്ങളിൽ എന്നെന്നേക്കുമായി യുദ്ധമുഖങ്ങൾ സൃഷ്ടിക്കുക വഴി അവർ തങ്ങൾക്ക് നേരെയുള്ള ഭീഷണിയെ ഒതുക്കാൻ ശ്രമിച്ചു. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന് വെന്നിക്കൊടി പാറിയപ്പോൾ ഇന്ത്യയെ വിഭജിച്ച് ഇന്ത്യയും പാക്കിസ്ഥാനുമാക്കിത്തീർത്താണ് ബ്രിട്ടീഷുകാർ പടിയിറങ്ങിയത്. ഇന്ന് ഇന്ത്യയുടെ ആഭ്യന്തര രാഷ്ട്രീയത്തിൽ ഏറ്റവുമധികം പ്രയോഗിക്കപ്പെടുന്ന പദങ്ങളിലൊന്നായി 'പാക്കിസ്ഥാൻ' മാറിക്കഴിഞ്ഞു. അപരവിദ്വേഷം ആളിക്കത്തിച്ചുകൊണ്ട് രാഷ്ട്രീയകക്ഷികൾ അധികാരത്തിലേറുന്നു. രാവും പകലുമെന്നില്ലാതെ സ്വരാജ്യത്തിനായി പടപൊരുതുന്ന വീരഭടന്മാർ യാതൊരു തത്ത്വദീക്ഷയുമില്ലാതെ നിരന്തരം തെരഞ്ഞെടുപ്പ് ഗോദയിലേക്ക് വലിച്ചിഴക്കപ്പെടുന്നു. ഇന്ത്യയിലെ തെരഞ്ഞെടുപ്പ് രംഗങ്ങളിൽ ഉയരേണ്ട പ്രധാന വിഷയങ്ങൾ തൊഴിലില്ലായ്മയും സാമ്പത്തിക മാന്ദ്യവും പട്ടിണിയും കർഷക പ്രശ്നങ്ങളുമാണെന്നിരിക്കെ അവയുടെ സ്ഥാനത്ത് പാക്കിസ്ഥാനും അയോധ്യയും ഹിന്ദുവും മുസ്ലിമുമാകുന്നു എന്നത് ഈ സത്യാനന്തര കാലത്ത് അത്ഭുതമല്ല.

ഇസ്റായേൽ- ഫലസ്തീൻ അതിർത്തി പ്രശ്നം നൂറ്റാണ്ടുകളുടെ പഴക്കമുള്ളതാണെന്ന തെറ്റുധാരണ പലരിലുമുണ്ട്. എന്നാൽ പത്തൊൻപതാം നൂറ്റാണ്ടിന്റെ

അവസാനത്തിലാണ് ഈ പ്രശ്നം പതിയെ തലപൊക്കുന്നത്. ഫലസ്തീനിൽ അതുവരെ അധിവസിച്ചത് അറബ് വംശജരായിരുന്നു. ഇസ്‌ലാമിക് സംസ്‌കാരത്തിന്റെ ഭാഗമായ 'അൽ അക്സ' പള്ളി സ്ഥിതി ചെയ്യുന്ന ഫലസ്തീനിൽ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യകാലത്ത് ചില വിശേഷാൽ പ്രശ്നങ്ങൾ തല പൊക്കി. ഒന്നാംലോക മഹായുദ്ധത്തിലേക്ക് ലോകം നടന്നടുക്കുകയായിരുന്നു. സഖ്യങ്ങൾ ഇരുചേരികളിലായി നിലകൊണ്ടു. ജർമനിയിൽ ജൂതവംശജരെ അതിഭീകരമായി ഹിറ്റ്ലറും അനുയായികളും വേട്ടയാടി. കൂട്ടക്കശാപ്പും നാടുകടത്തലും കാരണം ജൂതന്മാർ അരക്ഷിതരായി. ഈ സമയത്ത് ജൂതന്മാർക്ക് അധിവസിക്കാൻ ഒരു രാജ്യമെന്ന മുറവിളി ഉയർന്നു. ഇക്കാലത്ത് ഫലസ്തീനിൽ കുടിയേറിപ്പാർത്തവരിൽ വിവിധ വംശജരുണ്ടായിരുന്നു. അഭയാർഥികളെ അവർ ഇരുകൈയും നീട്ടി സ്വീകരിച്ചു. ഈ സന്ദർഭത്തെ ബ്രിട്ടൻ തങ്ങളുടെ ലാഭത്തിന് വേണ്ടി സമർഥമായി വിനിയോഗിച്ചു. ഒന്നാം ലോക മഹായുദ്ധത്തിൽ തങ്ങളെ സഹായിച്ചാൽ ജൂതരാഷ്ട്രം നേടിയെടുക്കാൻ തങ്ങൾ ജൂതരെ സഹായിക്കാം എന്ന് അവർ വാഗ്ദാനം ചെയ്തു. ഇതിന്റെ ഫലമായി ഫലസ്തീനിലേക്ക് ആസൂത്രിതമായ വമ്പിച്ച ജൂതകുടിയേറ്റം പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യത്തിലുണ്ടായി. തങ്ങൾ കൈവശപ്പെടുത്തിയ ഭൂമിയിൽ അവർ മറ്റുള്ളവരെ പരിഗണിച്ചില്ല. ഇതൊരു സയണിസ്റ്റ് തന്ത്രമായിരുന്നു. പിന്നാലെ 'ഭൂമിയില്ലാത്ത ജനതയ്ക്ക് ജനതയില്ലാത്ത ഭൂമി' എന്ന മുദ്രാവാക്യം ഉയർന്നു. ജൂതന്മാരായിരുന്നു ഭൂമിയില്ലാത്ത ജനത. ഫലസ്തീനെയാണ് 'ജനതയില്ലാത്ത ഭൂമി' എന്ന് വിശേഷിപ്പിച്ചത്. യഥാർഥത്തിൽ ഫലസ്തീൻ ജനനിബിഡമായ ഭൂമിയായിരുന്നു. ബ്രിട്ടീഷുകാർ യുദ്ധത്തിൽ വിജയിച്ചതോടെ ഫലസ്തീന്റെ സിംഹഭാഗവും കൂന്നിച്ചേർത്ത് ഇസ്റായേൽ എന്ന രാഷ്ട്രം രൂപീകൃതമായി (1948). ഫലസ്തീൻ ജനതയെ അവർ നാടുകടത്തുകയും ചെയ്തു. അങ്ങനെ സ്വന്തം നാട്ടിൽ നിന്നും കുടിയേറ്റക്കാരാൽ ഫലസ്തീൻകാർ ആട്ടിയോടിക്കപ്പെട്ടു. മിച്ചം വന്ന ഫലസ്തീൻ ജനതയോട് ഇസ്റാഈൽ നടത്തിയത് ചരിത്രത്തിലെ ഏറ്റവും വലിയ ഭീകരതയായിരുന്നു. ഫലസ്തീൻ പ്രവിശ്യയായി മിച്ചം വന്ന വെസ്റ്റ് ബാങ്കിലും ഗാസയിലും കരളലിയിക്കുന്ന ക്രൂരതകൾ അവർ പുറത്തെടുത്തു. കുഞ്ഞുങ്ങളെ നിഷ്‌കരുണം കൊല ചെയ്തു. വിദ്യാലയങ്ങൾക്ക് മുകളിലും യു.എൻ. നിയമം ലംഘിച്ച് അഭയാർഥി ക്യാമ്പുകൾക്ക് മുകളിലും അവർ മിസൈലുകൾ വർഷിച്ചു. ഇത് കേവലം ഫലസ്തീൻ പ്രദേശത്തിന്റെ പ്രശ്നമല്ല, പ്രത്യുത, 'ദി ഗ്രേറ്റ് ഇസ്റാഈൽ' എന്ന സാമ്രാജ്യത്തിലേക്കുള്ള കാൽവെപ്പാണ് എന്ന് ചരിത്രകാരന്മാർ സാക്ഷ്യപ്പെടുത്തുന്നു. സിറിയയും ലബനനും മക്കയും മദീനയുമടങ്ങുന്ന പ്രദേശങ്ങൾ ഗ്രേറ്റ് ഇസ്റാഈലിന്റെ ഭാഗമാണെന്നും അവിടങ്ങളിൽ അധിവസിക്കുന്നവർ പുറന്തള്ളപ്പെടേണ്ടവരാണെന്നും ഇക്കൂട്ടർ കരുതുന്നു.

ഇന്ത്യയിൽ അയോധ്യ-ബാബരി മസ്ജിദ് തർക്കം ഉടലെടുത്തത് തന്നെ ഇസ്റാഈലിനെ മാതൃകയാക്കിയാണ്. മുൻ ഇസ്റാഈൽ പ്രധാനമന്ത്രി ഏരിയൽ ഷാരോണിന്റെ നേതൃത്വത്തിൽ 'മസ്ജിദുൽ അക്സ'യെയും 'വിശുദ്ധ ഡോമി'നെയും തകർത്ത് ജൂതാലയം പണിയണം എന്നവർ തീരുമാനിച്ചത് നാമറിഞ്ഞതാണ്. ഈയിടെ ലോകത്ത് വളർന്നുവന്ന ഐ.എസിന് പിന്നിലെ ശക്തിയായത് ഇസ്റാഈൽ ചാരസംഘടനയായ മൊസാദാണ്. ഇത്രയധികം ക്രൂരതയുടെ ഭാണ്ഡക്കെട്ടുകൾ പേറുന്ന ഈ രാഷ്ട്ര





ത്തെ വെള്ളപൂശുന്ന നടപടികൾ ഇന്ന് അതിവേഗം പുരോഗമിക്കുകയാണ്. ഇന്ത്യയും നെഹ്‌റുവും എന്നും നില കൊണ്ടത് പീഡിതരായ ഫലസ്തീൻ ജനതയോടൊപ്പമാണ്. എന്നാൽ നിലവിലെ കേന്ദ്ര സർക്കാർ ഇസ്‌റായേലിന്റെ ഉറ്റ ചങ്ങാത്തത്തിലാണ്. കേരളത്തിലടക്കം ഇസ്‌റായേൽ അനുകൂല ഭാഷ്യങ്ങൾ 'സ്വതന്ത്ര ചിന്ത'യുടെ മറപറ്റി പുറത്ത് വരുന്നു. ഫലസ്തീൻ അനുകൂല സെമിനാറുകൾ കേരളത്തിൽ സംഘടിപ്പിക്കപ്പെടുന്നതെന്ത് കൊണ്ട് എന്ന മില്യൺ ഡോളർ ചോദ്യവുമായാണ് ഇത്തരക്കാരുടെ രംഗപ്രവേശം! ഇസ്‌റായേൽ സൈനിക ടാങ്കിന് മുന്നിൽ എല്ലാം നഷ്ടപ്പെട്ടിട്ടും ധീരതയോടെ നിൽക്കുന്ന ബാലനെ തീവ്രവാദത്തിന്റെ ഉൽപന്നമായി ചൂണ്ടിക്കാട്ടുന്നതിന് പിന്നിലെ ചേതോവികാരം സുവ്യക്തമാണ്. തീർച്ചയായും ഇതൊരു അജണ്ടയുടെ ഭാഗമാണ്. സത്യാനന്തരകാലത്ത് നുണകളുടെ അതിപ്രസരം അവ സത്യമാണെന്ന വ്യാഖ്യാനത്തിലേക്ക് വഴിമാറും എന്ന തത്ത്വം കൃത്യമായി അനുധാവനം ചെയ്യുകയാണ് ഇതിനു പിന്നിലെ മാസ്റ്റർ ബ്രെയ്ൻ.

2016ൽ 'സത്യാനന്തര'ത്തിന് കൂടുതൽ പ്രചാരം നേടിക്കൊടുത്ത രണ്ടു സംഭവങ്ങൾ നിരീക്ഷകർ വ്യക്തമാക്കിയിട്ടുണ്ട്. യൂറോപ്യൻ യൂണിയനിൽ നിന്നും അടർന്നുപോകാനുള്ള ബ്രിട്ടന്റെ തീരുമാനമായിരുന്ന 'ബ്രെക്‌സിറ്റാ'യിരുന്നു ഒന്നാമത്തേത്. ഒരു ഏകീകൃത രാഷ്ട്രീയ ഘടനയും സമ്പദ് വ്യവസ്ഥയും ആവശ്യമാണെന്നതിലേക്കുള്ള യൂറോപ്യൻ രാജ്യങ്ങളുടെ ചുവടുവെപ്പിന്റെ ഉൽപന്നമായിരുന്നു യൂറോപ്യൻ യൂണിയൻ (ഇ.യു.). എന്നാൽ യൂറോപ്യൻ യൂണിയനിൽ തുടരുന്നതും മറ്റു രാജ്യങ്ങളുമായി ഇടപഴകുന്നതും ബ്രിട്ടന്റെ അസ്തിത്വത്തിന് വിഘാതമാണെന്ന കള്ളപ്രചാരണവുമായി തീവ്ര വലതുപക്ഷ അതിദേശീയവാദികൾ രംഗത്തെത്തി. അതാണ് 'ദി എക്‌സിറ്റ് ഓഫ് ബ്രിട്ടൻ' അഥവാ ബ്രെക്‌സിറ്റിലേക്ക് നയിച്ചത്. എന്നാൽ ജനഹിതം ഇതിന് അനുകൂലമായിട്ടും ബ്രെക്‌സിറ്റ് നടന്നില്ല. ഇതിന്നിടയിൽ രണ്ടു വട്ടം വീണ്ടും ജനം പോളിംഗ് ബൂത്തുകൾ കയറിയിറങ്ങി. വ്യാജദേശീയത ആളിക്കത്തിച്ച് അധികാരത്തിൽ പിടിമുറുക്കുക എന്ന തന്ത്രം അവിടെ വിജയിച്ചു.

2016 നവംബറിൽ നടന്ന അമേരിക്കൻ പ്രസിഡണ്ട് തെരഞ്ഞെടുപ്പായിരുന്നു മറ്റൊന്ന്. അബദ്ധജടിലവും അശ്ലീലത നിറഞ്ഞതുമായ പ്രചാരണതന്ത്രം പയറ്റിയ ഡോണൾഡ് ട്രംപ് ഏവരെയും ഞെട്ടിച്ചുകൊണ്ട് അധികാരത്തിലേറി. ഇതോടെ സത്യത്തിനു യാതൊരു വിലയും കൽപിക്കാത്ത കാലമെന്ന പ്രതീതി ഉയർന്നുവന്നു. 2010ൽ ഡേവിഡ് റോബർട്‌സാണ് 'സത്യാനന്തര രാഷ്ട്രീയം' എന്ന വാക്യം ആദ്യമായി ഉപയോഗിച്ചത്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ ലിബറലിസം കടുത്ത തകർച്ചയാണ് നേരിട്ടത്. ഫാഷിസം അതിന്റെ ഉഗ്രരൂപം പുറത്തെടുത്തു. അതോടെ ഇനി ഫാഷിസവും കമ്യൂണിസവും തമ്മിലാകും പ്രത്യയശാസ്ത്രയുദ്ധമെന്ന് കരുതിയ സന്ദർഭത്തിൽ നിന്നാണ് അവിശ്വസനീയമാം വിധം സോവിയറ്റ് യൂണിയൻ തകർന്നതും കമ്യൂണിസം തരിപ്പണമായതും. നിരീശ്വര-നിർമത ഭീകരവാദം അടിച്ചമർത്തപ്പെട്ടതും നാസ്തികതയുടെ പ്രത്യയശാസ്ത്രാപചയവുമാണ് ഇതിന് നിദാനമായി വർത്തിച്ചത്.

ആഗോളതലത്തിൽ ഭീകരപ്രവർത്തനങ്ങളുമായി ഐ.എസ്. (ദാഇഷ്) എന്ന കാപാലികർ കടന്നുവരുന്നത് ആറു വർഷങ്ങൾക്ക് മുമ്പാണ്. സ്വയം പ്രഖ്യാപിത ഖലീഫയായ അബൂബക്കർ അൽബാഗ്

ദാദി ഇറാഖിലും സിറിയൻ പ്രവിശ്യയിലും വൻ നാശനഷ്ടങ്ങൾ വരുത്തിവച്ചു. ഇസ്‌ലാമിക രാജ്യമായ സുഊദി അറേബ്യയിലെ മദീനയിൽ പോലും അവരുടെ ചാവേറുകൾ പൊട്ടിത്തെറിച്ചു. ലോകത്തെ മിക്ക രാജ്യങ്ങളിൽനിന്നുമുള്ള ആളുകൾ പങ്കെടുക്കുന്ന 'ഹജ്ജി'ന്റെ വേളയിൽ 'ഐ.എസിനെതിരെ ഓരോ മുസ്‌ലിമുംതന്നാലാകുന്നത് ചെയ്യണം' എന്ന് സുഊദി ഗ്രാൻഡ് മുഫ്തി ആഹ്വാനം ചെയ്തു. എന്നാൽ ഈ വാർത്ത അന്താരാഷ്ട്ര മാധ്യമ ഏജൻസികൾ മൂടിവച്ചു. സാമ്രാജ്യത്വത്തിന്റെ പാലുകുടിച്ച് വളർന്നവർ എങ്ങനെ അവർക്കെതിരെ കൈ ചൂണ്ടും? യു.എസ് ആർമി കേണലായ ലോറൻസ് വിൽകിൻസൺ തങ്ങളാണ് ഐസിസിനെ സൃഷ്ടിച്ചത് എന്ന കുറ്റസമ്മതം നടത്തിയതും ബാഗ്ദാദിയുടെ ഉയിർപ്പ് അമേരിക്കൻ ജയിലിൽ നിന്നും മൊസാദിന്റെ പരിശീലനത്തിലൂടെയാണ് എന്ന് യു. എസ് രഹസ്യാന്വേഷണ ഏജൻസി മുൻ തലവനായ എഡ്വേർഡ് സ്നോഡൻ പ്രസ്താവിച്ചതും സത്യം മറനീക്കി പുറത്തുവന്നതിന്റെ തെളിവാണ്. ഇന്ന് ഐ.എസ് എന്ന തെമ്മാടിക്കൂട്ടം പതിയെ പിൻവലിഞ്ഞിരിക്കുന്നു. ഇവിടെയാണ് മാധ്യമ സ്വാതന്ത്ര്യത്തെക്കുറിച്ച് പറയുന്നവരെ മാധ്യമ ഭീകരതയും മാധ്യമ വിധേയത്വവും പഠിപ്പിക്കേണ്ടി വരുന്നത്. സത്യത്തെ എത്രകാലം പൂഴ്ത്തിവയ്ക്കാൻ ശ്രമിച്ചാലും ഒടുവിൽ സത്യത്തിന്റെ ഉയിർപ്പ് നിശ്ചയമാണ് എന്നത് സത്യാനന്തരകാലത്തെ ഒരു താക്കീതാണ്.

ഗാന്ധിയുടെ ഇന്ത്യയിൽ നിന്നും ഗോഡ്സയുടെ ഗോദയിലേക്കുള്ള ദൂരം ചർച്ചചെയ്യപ്പെടുകയാണ്. അതിദേശീയതയുടെ വക്താക്കൾ ഇന്ത്യൻ സാമ്പത്തിക രംഗവും തൊഴിൽ രംഗവും നശിപ്പിക്കുക മാത്രമല്ല, ഇന്ത്യയുടെ 'നാനാത്വത്തിൽ ഏകത്വ'മെന്ന ആശയമുൾക്കൊള്ളുന്ന സംസ്‌കാരത്തെയും നിഷ്‌കാസനം ചെയ്തു. മുമ്പ് അമേരിക്കയോടും റഷ്യയോടും മത്സരിച്ചിരുന്ന ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ ഇന്ന് ബംഗ്ലാദേശിനോടാണ് ഏറ്റുമുട്ടുന്നത് എന്നത് എത്രമേൽ പരിതാപകരമാണ്! ഇന്ത്യൻ ഭരണഘടനയെ പോലും തള്ളിക്കളയുന്ന, ഇന്ത്യൻ ദേശീയ പതാകയെ, ദേശീയ ഗാനത്തെ, രാഷ്ട്രപിതാവിനെ അംഗീകരിക്കാത്തവരാണ് ഇന്ന് ഇന്ത്യൻ പൈതൃകത്തിന്റെ കുത്തകാവകാശവുമായി രംഗത്തെത്തുന്നത്. ചിലരുടെ അധികാരമോഹത്തിന്റെയും സ്വാർഥതാൽപര്യത്തിന്റെയും ഫലമായാണ് ഇന്ന് ഇന്ത്യയിൽ ഹോൾസയിൽ നിരക്കിൽ വർഗീയതയും വംശീയതയും വിഭാഗീയതയും വിൽപനച്ചരക്കാവുന്നത്. സംഘപരിവാർ ഐ ടി സെൽ കൈകാര്യം ചെയ്ത് പിന്നീട് മനംമടുത്ത് അവിടെ നടക്കുന്ന അരുതായ്മകളെ തുറന്നുകാട്ടുന്ന പുസ്തകമെഴുതിയവർ തീർത്തു പറഞ്ഞത് നുണക്കൂമ്പാരങ്ങളുടെ സൃഷ്ടിപ്പിനെക്കുറിച്ചാണ്. മലപ്പുറത്ത് നോമ്പുകാലത്ത് വഴിവക്കിലിരുന്ന് പകൽസമയത്ത് ചായ കുടിക്കാൻ സാധിക്കില്ല എന്നത് പോലുള്ള കള്ളപ്രചാരണങ്ങൾ ഇവിടെ കൂട്ടിവായിക്കേണ്ടതുണ്ട്.

സത്യാനന്തര രാഷ്ട്രീയത്തിന്റെ മകുടോദാഹരണമാണ് 'ആധുനിക' ഇന്ത്യ. പൗരത്വ നിയമ ഭേദഗതിയുമായി ബന്ധപ്പെട്ട് വിവാദങ്ങൾ ഉയർന്നപ്പോൾ ദേശീയ പൗരത്വ രജിസ്റ്റർ നടപ്പിലാക്കാൻ തങ്ങൾ ഇപ്പോൾ ഉദ്ദേശിച്ചിട്ടില്ല എന്നാണ് അധികാരികൾ പറഞ്ഞത്. ഓൺലൈൻ സൊസൈറ്റിയുടെ ഇക്കാലത്ത് ഈ കള്ളം നിമിഷ നേരം കൊണ്ട് പിടിക്കപ്പെട്ടു. ഇന്ത്യയിൽ ഉടനീളം എൻ.ആർ.സി നടപ്പാക്കും എന്നാണ് രാജ്യസഭയിൽ അഭ്യന്തരമന്ത്രി പറഞ്ഞത്. എന്നാൽ ഇത്തരമൊരു ആശയം തന്നെ തങ്ങളുടെ തലയിലുദിച്ചിരുന്നില്ല എന്നാണ് പ്രധാനമന്ത്രി പൊതുസദസ്സിൽ ആണയിട്ടത്! ഇന്ത്യയിൽ



സംഘ്പരിവാറിനെതിരെ നിരന്തരം ബൗദ്ധിക സംവാദത്തിലേർപ്പെട്ടുകൊണ്ടിരിക്കുന്ന മുൻ ഐ.എ.എസ് ഉദ്യോഗസ്ഥനായ കണ്ണൻ ഗോപിനാഥൻ പങ്കുവച്ച ആശയം ഇവിടെ പ്രസക്തമാണ്. നോട്ടുനിരോധനത്തിന്റെ കാലത്ത് ഇന്ത്യയിലെ ജനങ്ങളോട് അധികാരികൾ ചോദിച്ചത് 'നമുക്ക് കള്ളപ്പണം പിടിച്ചെടുക്കേണ്ടേ' എന്നാണ്. ഇന്ത്യൻ ജനതയൊന്നാകെ വേണമെന്ന് ഏറ്റുപിടിച്ചു. 'എന്താണ് കള്ളപ്പണം' എന്ന മറുചോദ്യം എവിടെ നിന്നും അപസ്വരമായി പോലും പുറത്ത് ചാടിയില്ല. നമ്മുടെ അലമാരകളിൽ സൂക്ഷിക്കുന്നതും നാം കടയിൽനിന്നും സാധനം വാങ്ങാൻ ഉപയോഗിക്കുന്നതുമായ പണം തത്ത്വത്തിൽ ഗവൺമെന്റുമായി നേരിട്ട് ബന്ധമില്ലാത്തതാണ്. ഇവ കള്ളപ്പണത്തിന്റെ പരിധിയിലാണ് വരിക. ഇത് തിരിച്ചറിയാതെ വീണ്ടും നാം സത്യാനന്തരധാരയുടെ അടിയൊഴുക്കിൽ ആടിയുലഞ്ഞു. പലർക്കും ജീവൻ നഷ്ടമായി.

പൗരത്വ നിയമ ഭേദഗതിയെ ചൊല്ലിയുള്ള പ്രക്ഷോഭങ്ങളിൽ പ്രതിപക്ഷം ഐക്യപ്പെട്ടു. ഭരണപക്ഷത്തുള്ളവർ പോലും രംഗത്തെത്തി. ഇത് കേവലം മുസ്ലിംകളുടെ പ്രശ്നമല്ല, മറിച്ച് ഭരണഘടനയുടെ നഗ്നമായ ലംഘനമാണ്. പതിനാലാം അനുച്ഛേദത്തിൽ പറഞ്ഞത് പ്രകാരം ഇന്ത്യയിലെ നിയമങ്ങൾക്ക് മതം ഒരു മാനദണ്ഡമാകരുത് എന്ന് ഭരണഘടന അനുശാസിക്കുന്നു. പാകിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, ബംഗ്ലാദേശ് എന്ന് രാജ്യങ്ങളിൽ നിന്നും വരുന്നവരിൽ ഒരു വിഭാഗമൊഴിച്ചുള്ളവർക്ക് പൗരത്വം എന്നത് ഭരണഘടനാ ലംഘനമാണ്. ഇതിനു പിന്നാലെ ദേശീയ പൗരത്വ രജിസ്റ്റർ തയ്യാറാക്കും എന്നും പ്രഖ്യാപിക്കപ്പെട്ടു. യഥാർഥത്തിൽ ഒരാൾ രാജ്യത്തിന്റെ പൗരനാണ് എന്ന് തെളിയിക്കേണ്ട ബാധ്യത രാജ്യത്തിന്റെതാണ്. ഈ ഉത്തരവാദിത്തം പൗരന്റെ മേൽ അടിച്ചേൽപിക്കുകയാണിവിടെ.

ചരിത്രം 'മാറ്റിയെഴുതും' എന്ന് പരസ്യമായി പ്രഖ്യാപിക്കുന്നവർ അധികാരമേറുമ്പോൾ എതിർസ്വരങ്ങൾ മുഴങ്ങണം. ഈ സത്യാനന്തര രാഷ്ട്രീയബീജത്തെ നശിപ്പിക്കുവാൻ രാജ്യത്തെ ഉന്നതവിദ്യാഭ്യാസ മേഖലയിലുള്ളവർ തലപൊക്കുന്നു എന്നത് ആശ്വാസകാരമാണ്. സത്യാനന്തര ചർച്ചകൾ പുരോഗമിക്കുമ്പോഴും 'സത്യമേവ ജയതേ' എന്ന ഉൾക്കരുത്ത് നമ്മെ ഊർജസ്വലരാക്കുന്നു.

'സത്യവിശ്വാസികളേ, ഒരു അധർമകാരി വല്ല വാർത്തയും കൊണ്ട് നിങ്ങളുടെ അടുത്ത് വന്നാൽ നിങ്ങളതിനെപ്പറ്റി വ്യക്തമായി അന്വേഷിച്ചറിയണം. അറിയാതെ ഏതെങ്കിലും ഒരു ജനതയ്ക്ക് നിങ്ങൾ ആപത്തുവരുത്തുകയും എന്നിട്ട് ആ ചെയ്തതിന്റെ പേരിൽ നിങ്ങൾ ഖേദക്കാരായിത്തീരുകയും ചെയ്യാതിരിക്കാൻ വേണ്ടി" (വിശുദ്ധ ക്വുർആൻ: 49:6).



എവിടെയും തടങ്കൽ പാളയങ്ങൾ സൃഷ്ടിച്ചിട്ടില്ല എന്നാണ് പ്രധാനമന്ത്രി ആണയിട്ട് പറഞ്ഞത്. എന്നാൽ അസമിൽ പണിത തടങ്കൽ പാളയത്തിന്റെ ചിത്രങ്ങൾ ഇന്റർനെറ്റിൽ ഉടനെ പൊങ്ങിവന്നു. ഇന്ത്യയുടെ ആഭ്യന്തര മന്ത്രിയെ പത്രപ്രവർത്തകൻ ഇന്റർവ്യൂ ചെയ്യുന്നതിനിടയിൽ തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങളെ കുറിച്ച് ചോദിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ മറുപടി ഞെട്ടിക്കുന്നതായിരുന്നു: "അപ്പറഞ്ഞതൊക്കെ തെരഞ്ഞെടുപ്പ് ജയിക്കുവാനുള്ള വെറും 'ജൂംല'കളല്ലേ?"-കേരളത്തിന്റെ മുൻ ഡി.ജി.പിയായിരുന്ന ഒരു വ്യക്തിയുടെ ഫെയ്സ്ബുക്ക് പേജ് പരിശോധിച്ചാൽ അദ്ദേഹം എത്ര സമർഥമായി സത്യാനന്തരധാരയെ ഉപയോഗപ്പെടുത്തുന്നു എന്ന് മനസ്സിലാക്കാം. തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള എയ്ഡഡ് ഹൈസ്കൂളുകളിലേക്കും യു.പി സ്കൂളുകളിലേക്കും അധ്യാപകരെ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനമാണ് തെറ്റുധരിപ്പിക്കുന്ന, 'അറബി പഠിച്ചാലേ ഇനി അമ്പലത്തിൽ ജോലി കിട്ടൂ' എന്ന തലക്കെട്ടോടെ ഇദ്ദേഹം പോസ്റ്റ് ചെയ്തത്!




## നേർപഥം ഓൺലൈൻ ക്വിസ് നിബന്ധനകൾ

- സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയുടെ ഏറ്റവും പുതിയ ലക്കത്തിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയാണ് വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിക്കുന്നത്.
- ലോക്ക്ഡൗൺ പിരീഡിൽ എല്ലാ വെള്ളിയാഴ്ചയും വൈകുന്നേരം 7 മണിക്ക് മാഗസിൻ ഓൺലൈനിൽ അപ്ലോഡ് ചെയ്യുകയും ഞായറാഴ്ച രാവിലെ പത്തു മണി മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിൽ ചോദ്യങ്ങൾ ലഭ്യമാവുകയും ചെയ്യും.
- എല്ലാ ആഴ്ചയും ബുധൻ രാത്രി 12 മണി വരെ മാത്രമെ ഉത്തരങ്ങൾ സ്വീകരിക്കുകയുള്ളൂ.
- പേരും മൊബൈൽ നമ്പറും വെച്ചാണ് മത്സരാർഥികൾ ഓൺലൈനിൽ പ്രവേശിക്കേണ്ടത്. വിജയികളുടെ വിലാസം മൊബൈൽ നമ്പർ വെച്ചാണ് കണ്ടെത്തുന്നത് എന്നതിനാൽ സ്വന്തം നമ്പർ മാത്രമേ ഉപയോഗിക്കാവൂ.
- ഒരേ നമ്പറിൽ നിന്ന് ഒരാഴ്ചയിൽ ഒന്നിലധികം മത്സരങ്ങൾ പങ്കെടുക്കാൻ സാധ്യമാകില്ല.
- ശരിയുത്തരങ്ങൾ വ്യാഴാഴ്ച മുതൽ ഓൺലൈനിൽ ലഭ്യമാവും.
- ഏറ്റവും കൂടുതൽ ശരിയുത്തരങ്ങൾ അയച്ചതിനെ ആധാരമാക്കിയാണ് ഓരോ ആഴ്ചയിലെയും ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാരെ നിശ്ചയിക്കുന്നത്.
- വിജയികളുടെ പേരുകൾ വ്യാഴാഴ്ച മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിലൂടെയും നേർപഥം വെബ്സൈറ്റിലൂടെയും നേർപഥത്തിലൂടെയും പബ്ലിഷ് ചെയ്യും.
- വിജയികളെ ഔദ്യോഗികമായി വിവരമറിയിക്കുകയും സമ്മാനം നേരിട്ടെത്തിക്കുകയും ചെയ്യും.
- ഓരോ മത്സരത്തിലും ലഭിച്ച മാർക്കുകൾ ഉൾപ്പെടുത്തിയാണ് ഫൈനൽ മത്സരത്തിലെ വിജയികളെ തെരഞ്ഞെടുക്കുന്നത്. ഫൈനൽ പോയിന്റിൽ തുല്യത പാലിച്ചാൽ തുടർ മത്സരത്തിലൂടെ വിജയിയെ കണ്ടെത്തും.
- ഓരോ മത്സരത്തിലും ലഭിക്കുന്ന മാർക്കുകൾ ഉൾപ്പെടുത്തി പരിഷ്കരിക്കുന്ന പോയിന്റ് ടേബിൾ ഓൺലൈനിൽ ലഭ്യമാവും.
- മെഗാ മത്സര വിജയികൾക്കുള്ള സമ്മാനങ്ങൾ സംസ്ഥാന പ്രോഗ്രാമിലായിരിക്കും വിതരണം ചെയ്യുക.
- നേർപഥം ജീവനക്കാരുടെയോ മാനേജ്മെന്റിന്റെയോ എൻട്രികൾ മത്സരത്തിന് പരിഗണിക്കുന്നതല്ല.
- മത്സരങ്ങളെ കുറിച്ചുള്ള അന്തിമ തീരുമാനം നേർപഥം ക്വിസ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

## നേർപഥം ഓൺലൈൻ ക്വിസ് വിജയികൾ - ലക്കം: 171

**ഒന്നാം സമ്മാനം:**
അൻവർ എൻ.എ, എ.എൻ മൻസിൽ, മണപ്പാട്ടുപറമ്പ്, കലൂർ, കൊച്ചി - 682017

**രണ്ടാം സമ്മാനം:**
ഹാഷിം പി.കെ, പെരുങ്കണ്ടക്കാട് ഹൗസ്, കുഴിപ്പുറം, ഇരിങ്ങല്ലൂർ പി.ഒ, വേങ്ങര, മലപ്പുറം - 676304

**മൂന്നാം സമ്മാനം:**
അമീന ഖാലിദ്, ദാറുൽ ഫന മേലേതിൽ, മക്കന്നൂർ, കുന്നിക്കോട്, കൊല്ലം - 691508

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com



# കൊറോണയും ഉണക്കമീനും

പാതവക്കത്തെ വീട്ടിൽ നിന്ന് ഒരാൾ സ്വാഗതം ചെയ്തപ്പോഴാണ് സുഹൃത്ത് ആ വീട്ടിലേക്ക് ചെന്നത്. ഉച്ചനേരം ആയതിനാൽ ഭക്ഷണം വാഗ്ദാനം ചെയ്തു. കഴിച്ചുവെന്ന് പറഞ്ഞു സുഹൃത്ത് നിരസിച്ചു.

സ്വാഭാവികമായും എവിടെ നിന്നാണ്, എന്തെല്ലാം വിഭവം ഉണ്ടായിരുന്നു എന്ന ചോദ്യം ഉയർന്നു. സാമൂഹ്യപ്രവർത്തകനായ സുഹൃത്ത് ആ വഴിക്ക് വരുമ്പോൾ പതിവായി കഴിക്കുന്ന തട്ടുകടയിൽ നിന്നാണ് കഴിച്ചതെന്നും വാളംപുളി ചേർത്ത ഉണക്ക മാന്തൾ വരട്ട് ആയിരുന്നു സ്പെഷ്യൽ എന്നും പറഞ്ഞു. ഇത് കേട്ട ഭാര്യ, ഞങ്ങളുടെ വീട്ടിൽ ആരും ഉണക്കമീൻ കഴിക്കില്ല, പച്ച മീൻ; അതും കഷ്ണം മീൻ മാത്രമെ വാങ്ങാറുള്ളുവെന്നും മേനിപറഞ്ഞു. മത്തിപോലും വാങ്ങാറില്ലെന്നും അതിന്റെ മണം കയ്യിൽ നിന്ന് പോകാൻ ദിവസങ്ങളെടുക്കുമെന്നും പറഞ്ഞു. കൂട്ടത്തിൽ ഇടക്കിടെ അങ്ങാടിയിൽ നിന്ന് ബ്രോസ്റ്റും ഷവർമയും മറ്റു അറേബ്യൻ വിഭവങ്ങളും വാങ്ങുന്ന കാര്യം കൂടി അവതരിപ്പിക്കാൻ സാമർഥ്യം കാണിച്ചു

വിദേശത്ത് കാറോടിച്ച് ജീവിക്കുന്ന അയാൾക്ക് മൂന്ന് മക്കളുണ്ട്. മൂത്ത രണ്ട് പെൺമക്കളുടെ വിവാഹം കഴിഞ്ഞു. ഇളയ മകൻ കോളേജിൽ പഠിക്കുന്നു. 80 വയസ്സിനടുത്തുള്ള ഉമ്മയും കൂടെയുണ്ട്. അവനവൻ പോരിശ കുറെ കേട്ട സുഹൃത്ത് യാത്ര പറഞ്ഞ് ഇറങ്ങിയപ്പോൾ ഉള്ളാലെ ചിരിച്ചു. പതിവായി സഹായമെത്തിക്കുന്ന അടുത്ത വീട്ടിലേക്ക് പോയി.

ലോകത്തെ ആകമാനം വിറപ്പിച്ച് നോവൽ കോവിഡ് വൈറസ് എത്തി. ലോകം മുഴുവൻ മുറിക്കകത്തായി. ജോലി ഇല്ലാതായി എന്ന് മാത്രമല്ല താമസത്തിനും ഭക്ഷണത്തിനും വക കണ്ടെത്താൻ പ്രയാസമുള്ള അവസ്ഥയിലെത്തി പലരും, വിശിഷ്യാ പ്രവാസികൾ.

അടിയന്തിര സഹായം ആവശ്യമുള്ള ചുരുക്കം ചില വീടുകളിൽ അത് എത്തിക്കാനുള്ള യാത്രയിൽ സുഹൃത്ത് അന്നത്തെ പൊങ്ങച്ചക്കാരിയുടെ വീട്ടിലും വെറുതെയൊന്ന് കയറി. പ്രായമായ ഉമ്മയോട് വർത്തമാനം പറയുന്നത് കേട്ട് ഗൃഹനാഥയും എത്തി. എന്തോ പന്തികേട് തോന്നിയ സുഹൃത്ത് സഹായം ആവശ്യമുണ്ടോ എന്ന് വെറുതെ ചോദിച്ചു.

കൊറോണ ലോക്ക് ഡൗണ് കാരണം ഭർത്താവിന് വിദേശത്ത് ജോലിയില്ല. അടിപോളി ജീവിതം ആയതുകൊണ്ട് ഒന്നും ബാക്കിയില്ല. റേഷനരി വാങ്ങിയാണ് പട്ടിണിയില്ലാതെ കഴിയുന്നത്. മുരിങ്ങയിലയും മറ്റും താളിച്ചാണ് കറിയുണ്ടാക്കുന്നത്. ഇത് പറയുമ്പോൾ ആ സ്ത്രീയുടെ കണ്ണ് നിറഞ്ഞിരുന്നു. സുഹൃത്ത് കൈവശമുള്ള കുറച്ച് ധാന്യപ്പൊതികൾ കൊടുത്തു. സാവധാനം മടക്കിക്കൊടുത്താൽ മതിയെന്നു പറഞ്ഞ് കുറച്ച് പണവും കൊടുത്തു. കുറച്ചുകൂടി ഭക്ഷണ സാധനങ്ങൾ പിന്നീട് എത്തിക്കാമെന്നും പറഞ്ഞിറങ്ങി.

ഉണക്ക മീൻ മണം ഇഷ്ടമില്ലാത്ത, കഷ്ണം മീൻ മാത്രം കഴിക്കുന്ന, അടിക്കടി അറേബ്യൻ വിഭവം പാർസൽ വാങ്ങിയിരുന്ന ഒരു കുടുംബത്തിന് എത്ര പെട്ടെന്നാണ് മറ്റുമുള്ളവന്റെ സഹായം പറ്റേണ്ടി വന്നതെന്ന് അത്ഭുതപ്പെട്ടു.

അന്നത്തെപ്പോലെ സുഹൃത്തിന് ചിരി പൊട്ടിയില്ല. ജീവിതപാതയിൽ ഓരോ കയറ്റത്തിന് പിന്നാലെയും കുത്തനെയുള്ള ഇറക്കങ്ങളുമുണ്ടാവും. ●

## രജിസ്ട്രേഷൻ ആരംഭിച്ചു

جامعة الهند الإسلامية
School Of Qur'an

### "നന്മയുടെ വഴിയിൽ നാളേക്ക് വേണ്ടി"

# സ്കൂൾ ഓഫ് ഖുർആൻ



ക്ലാസുകൾ, ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം!

ജൂൺ ഒന്നിന് ആറര വയസ് കവിയാത്ത, സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്ന വിദ്യാർഥികൾക്ക് പ്രവേശം

അപേക്ഷകർ, QR കോഡ് സ്കാൻ ചെയ്തോ, www.schoolofquran.in എന്ന വെബ്സൈറ്റിൽ നിന്നോ ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് ഓൺലൈൻ അപേക്ഷാ ഫോം പൂരിപ്പിക്കുക.

## സവിശേഷതകൾ:

- ആധുനിക സംവിധാനങ്ങൾ ഉൾപ്പെടുത്തി നവീന രീതിയിൽ തയ്യാറാക്കിയ പഠനരീതികൾ, പഠനസാമഗ്രികൾ
- ഓഡിയോ - വിഷ്വൽ ക്ലാസ് റൂമുകൾ
- വിദഗ്ധ പാനൽ നിർമ്മിച്ച ടെക്സ്റ്റ് ബുക്കുകൾ, വർക്ക് ബുക്കുകൾ, ടീച്ചേഴ്സ് ഹാൻഡ് ബുക്ക്, പാരന്റ്സ് ഗൈഡ്
- ഖുർആൻ, ഹദീഥ്, അറബി ഭാഷ, വിശ്വാസം, കർമ്മം, സ്വഭാവം, ചരിത്രം തുടങ്ങിയവയിൽ പഠനം
- നിലവിലുള്ള ഖുർആൻ പഠന സംവിധാനങ്ങളുടെ പോരായ്മകൾ പരിഹരിച്ച കുറ്റമറ്റ സംവിധാനം
- കരിക്കുലമനുസരിച്ച് തയ്യാറാക്കിയ ഡി.വി.ഡികൾ, സോഫ്റ്റ്‌വെയറുകൾ
- കേരളത്തിൽ ആദ്യമായി രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ നടത്തപ്പെടുന്ന ഹോം സ്കൂളിംഗ്
- രക്ഷിതാക്കൾക്ക് പഠനപുരോഗതി വിലയിരുത്താൻ ഓൺലൈൻ സൗകര്യം
- രക്ഷിതാക്കളുടെ മേൽനോട്ടത്തിലുള്ള ട്രാൻസ്പോർട്ടേഷൻ സൗകര്യം
- ഫോളോ അപ്പിനായി വാർഷിക സ്റ്റഡി ട്രാക്കറുകൾ, നിരന്തര - കേന്ദ്രീകൃത മൂല്യനിർണയം

കാസറഗോഡ്: 8089192273 | കാഞ്ഞങ്ങാട്: 9847507310 | തളിപ്പറമ്പ്: 8606776770 | കിണവക്കൽ: 9400083931
വടകര: 9961037934 | കാപ്പാട്: 9846808230 | മഞ്ചേരി: 9846872999 | കോട്ടക്കൽ: 9946274831
തിരൂർ: 9633099992 | മാറഞ്ചേരി: 7559955255 | വെങ്കിടങ്ങ്: 9048869220 | ആറ്റിങ്ങൽ: 9497714521
പരപ്പനങ്ങാടി: 9544924596 | എടത്തനാട്ടുകര: 9495467259 | തോട്ടശ്ശേരിയറ: 8606600555
കൊല്ലം: 9447041468 | കോയമ്പത്തൂർ: 9080475224 | ആലപ്പുഴ: 9895629378
കൊടുവായൂർ: 9746293949 | കൊല്ലായിൽ: 9946940906 | എടക്കര: 6235446007 | കോട്ടയം: 9447827232

Head Office: School of Qur'an | Jamia Al-Hind Al-Islamiyya | Jamia Campus | Mini Ootty | Oorakam
Malappuram | Kerala | PIN 676519 | www.schoolofquran.in | info@schoolofquran.in

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2020 MAY 02

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

جامعة الهند الإسلامية
JAMIA AL-HIND AL-ISLAMIYYA

വിജ്ഞാന ഗോപുരത്തിനൊരു കൈത്താങ്ങ്...

# SUPPORT JAMIA
# SUPPORT KNOWLEDGE

കരുതലോടെ ചേർത്തുപിടിക്കാം...
ഈ വിജ്ഞാന ഗോപുരത്തെ

**Donate Us:**

JAMIA AL HIND AL ISLAMIYA TRUST
A/C: 4691201000026
Canara bank, Vengara Branch
IFS Code: CNRB0004691

| | |
|---|---|
| മൊത്തം ചെലവ് (ഒരു ദിവസം) | ₹55,000 |
| ഭക്ഷണ ചെലവ് (ഒരു ദിവസം) | ₹22,000 |
| ഒരു വിദ്യാർഥിയുടെ മൊത്തം പഠന ചെലവ് (മാസം) | ₹5,500 |
| ഒരു വിദ്യാർഥിയുടെ താമസ ഭക്ഷണ ചെലവ് (മാസം) | ₹2,500 |

+919847592150
+918606366661
+919037235706

Jamia Al Hind Al Islamiyya
Wadi Al Hikma, Mini Ootty
Malappuram, Kerala - India